

# പടവുകൾ

## അക്കാദമിക് മാസ്റ്റർ പ്ലാ

## ഉള്ളടക്കം

1. അടിസ്ഥാന വിവരങ്ങൾ

2. അധ്യാപകരെ സംബന്ധിച്ച വിവരങ്ങൾ

3. നിലവിലുള്ള കുട്ടികളുടെ എണ്ണം

4. ആമുഖം

5. പൊതുലക്ഷ്യങ്ങൾ

6. വിദ്യാലയങ്ങൾ

7. കാഴ്ചപ്പാട്

8. വിദ്യാലയ മികവിന്റെ കേന്ദ്രം

9. പദ്ധതിരൂപീകരണ പ്രക്രിയ - വിവധ ഘട്ടങ്ങൾ

10. നിലവിലുള്ള അവസ്ഥാ വിശകലനം

11. മികവിനായി ഏറ്റെടുക്കേണ്ട പ്രവർത്തനങ്ങൾ -ഒറ്റനോട്ടത്തിൽ.

12. പദ്ധതിവിശദാംശങ്ങൾ(മേഖല,ഉപമേഖല,ലക്ഷ്യം,പ്രവർത്തനങ്ങൾ, കാലം,ചുമതല,സാമ്പത്തിക വിശകലനം)

13. ഉപസംഹാരം.

## അടിസ്ഥാന വിവരങ്ങൾ

| | | |
|---|---|---|
| വിദ്യാലയത്തിന്റെ പേര് | : | ചെറുവണ്ണൂർ എ.എൽ.പി.സ്കൂൾ |
| വിലാസം | : | ചെറുവണ്ണൂർ (പോസ്റ്റ്)<br>മേപ്പയ്യൂർ (വഴി),കോഴിക്കോട് (ജില്ല)<br>673524 (Pin) |
| ഫോൺ | : | 0496-2776222 |
| സ്കൂൾ കോഡ് | : | 16507 |
| വിദ്യാഭ്യാസ ഉപജില്ല | : | മേലടി |
| വിദ്യാഭ്യാസ ജില്ല | : | വടകര |
| റവന്യൂ ജില്ല | : | കോഴിക്കോട് |
| ബി.ആർ.സി | : | പേരാമ്പ്ര |
| സി.ആർ.സി | : | ചെറുവണ്ണൂർ ജി.യു.പി.എസ് |
| ഗ്രാമ പഞ്ചായത്ത് | : | ചെറുവണ്ണൂർ |
| ബ്ലോക്ക് പഞ്ചായത്ത് | : | പേരാമ്പ്ര |
| ജില്ലാ പഞ്ചായത്ത് | : | കോഴിക്കോട് |
| നിയമസഭാമണ്ഡലം | : | പേരാമ്പ്ര |
| ലോകസഭാ മണ്ഡലം | : | വടകര |
| താലൂക്ക് | : | കൊയിലാണ്ടി |
| വില്ലേജ് | : | ചെറുവണ്ണൂർ |
| മാനേജർ | : | എം.രാജീവൻ |
| ഇ.മെയിൽ | : | alpsceruvannur916@gmail.com |
| സ്കൂൾ വിക്കി | : | schoolwiki.in/cheruvannuralpschool |

## പൊതുലക്ഷ്യങ്ങൾ

* പഠനോപകരണങ്ങൾ ആവശ്യാനുസരണം ലഭ്യമാക്കി ക്ലാസ് മുറികളെ സജ്ജീകരിക്കുക.
* വിദ്യാലയത്തെ സമൂഹത്തിന്റെ ഭാഗമാക്കുന്നതിനായി ഗൃഹസമ്പർക്ക പരിപാടി ശക്തിപ്പെടുത്തുക
* എല്ലാ ക്ലാസുകളും സ്മാർട്ട് റൂമാക്കുക
* പഠനപ്രവർത്തനത്തോടൊപ്പം പഠനോപകരണങ്ങൾ കാര്യക്ഷമമായി ഉപയോഗിക്കാനുള്ള തന്ത്രങ്ങൾ ആവിഷ്കരിക്കുക.
* വായനാപ്രവർത്തനം സാർവത്രികമാക്കുക.
* അക്കാദമിക പ്രവർത്തനങ്ങളുടെ മൂല്യങ്ങൾ ഉയർത്തുക.
* കുട്ടികളെ മാനസികവും, ശാരീരികവുമായി മുഖ്യധാരയിലേക്ക് കൊണ്ടുവരിക.
* സ്കൂളിന്റെ കൃത്യമായ അക്കാദമിക മികവിനുവേണ്ടി P.T.A, M.T.A ഇവ ശക്തിപ്പെടുത്തുക.
* കലാ-കായിക പ്രവർത്തനങ്ങളിൽ മികച്ചു നിൽക്കുന്ന പ്രതിഭകളെ കണ്ടെത്തുകയും പരിശിലീനം നൽകുകയും ചെയ്യുക.
* എസ്.ആർ.ജി, എസ്.എസ്.ജി, പൂർവ്വവിദ്യാർത്ഥി സംഘടന ഇവ ശാക്തീകരിക്കുക.
* ജനാധിപത്യമൂല്യങ്ങളിലധിഷ്ഠിതമായ സമൂഹത്തെ വാർത്തെടുക്കുക.
* ഭിന്നശേഷിക്കാരെയും പിന്നോക്കാവസ്ഥ നേരിടുന്നവരെയും മുഖ്യധാരയലേക്ക് എത്തിക്കുക.
* ക്ലാസടിസ്ഥാനത്തിലും, വിഷയാടിസ്ഥാനത്തിലും പാഠ്യപദ്ധതിക്കനുസൃത മായി നേടേണ്ട ശേഷികൾക്ക് ഊന്നൽ നൽകികൊണ്ടുള്ള പ്രവർത്തനങ്ങളും, അവ സമയബന്ധിതമായി നടപ്പാക്കാനുതകുന്ന പ്രവർത്തന കലണ്ടറും രൂപപ്പെടുത്തുക.
* അധ്യാപനവും അധ്യേയനവും സർഗ്ഗാൽമകവും രസകരവുമാക്കുന്നതിന് ഉപകരിക്കുന്ന വിധത്തിലുള്ള വിവിധ പ്രവർനങ്ങൾ രൂപപ്പെടുത്തുക.
* അക്കാദമിക മികവിന് ഉപകരിക്കുന്ന വിധത്തിൽ ദീർഘകാല പരിപ്രേക്ഷ്യത്തോടെ പാശ്ചാത്തല സൌകര്യം വർദ്ധിപ്പിക്കുക.

# വിദ്യാലയ ചരിത്രം

കൊയിലാണ്ടി താലൂക്കിൽ ചെറുവണ്ണൂർ പഞ്ചായത്തിൽ പഞ്ചായത്ത് ആപ്പീസിനു തൊട്ടടുത്തായി ചെറുവണ്ണൂർ എ.എൽ.പി.സ്കൂൾ സ്ഥിതി ചെയ്യുന്നു. സ്വാതന്ത്ര്യലബ്ധിക്കു 33 വർഷം മുമ്പ് 1914 ൽ ചെറുവണ്ണൂർ ചേറോത്ത് എന്ന സ്ഥലത്ത് ശ്രീ.കുന്നുമ്മൽ ഉണ്ണിനായരാണ് ചെറുവണ്ണൂർ എ.എൽ.പി.സ്കൂൾ ആരംഭിച്ചത്.പിന്നീട് മഞ്ചേരി കൊണ്ടയാട്ട് കുഞ്ഞിക്കൃഷ്ണൻ കിടാവ് മാനേജ്മെൻറ് ഏറ്റെടുക്കുകയും, ഇപ്പോഴുള്ള സ്ഥലത്തേക്ക് സ്കൂൾ മാറ്റി സ്ഥാപിക്കുകയും ചെയ്തു.കുഞ്ഞിക്കൃഷ്ണൻ കിടാവിൻെറ നിര്യാണത്തെ തുടർന്ന് ഭാര്യ കുഞ്ഞിക്കല്യാണി അമ്മയും ശേഷം ഇപ്പോഴത്തെ മാനേജരായ ശ്രീ.എം.രാജീവൻ മാനേജർ സ്ഥാനം ഏറ്റെടുക്കുകയുമാണുണ്ടായത്. ആദ്യകാലത്ത് വളരെ എളിയ സാഹചര്യങ്ങളിൽ പ്രവർത്തനമാരംഭിച്ചതെങ്കിലും പടിപടിയായ പുരോഗതിയിലൂടെയും മാനേജരുടെ ശ്രദ്ധാപൂർവ്വമായ പരിചരണങ്ങളിലൂടെയും അധ്യാപകരുടെയും നാട്ടുകാരുടെയും സഹകരിച്ചുള്ള അർപ്പണബോധത്തോടെയുള്ള പ്രവർത്തനങ്ങളിലൂടെയും ചെറുവണ്ണൂർ പഞ്ചായത്തിലെ മാത്രമല്ല, അതിലുപരി മേലടി സബ്ജില്ലയിൽ തന്നെ മുൻനിരവിദ്യാലയങ്ങളിൽ ഒന്നായി ചെറുവണ്ണൂർ എ.എൽ.പി.സ്കൂൾ വളർന്നത്.

ഷോട്ട്പുട്ടിൽ അഖിലേന്ത്യാ തലത്തിൽ സിൽവർ മെഡൽ ലഭിച്ച രാജശ്രീ.ആർ.എൽ, കൈരളി.ടി.വി. മെഗാ സംഗീത പരിപാടിയായിരുന്ന പട്ടുറുമ്മാൽ ജേതാവും,ഇപ്പോഴത്തെ ചലച്ചിത്ര ഗാനരചയിതാവുമായി മാറിയിരിക്കുന്ന അജയ്ഗോപാൽ തുടങ്ങി വിവിധ രംഗങ്ങളിൽ വ്യക്തിമുദ്ര പതിപ്പിച്ചിട്ടുള്ള ഒരു വലിയ ശിഷ്യ സമ്പത്തുതന്നെ ഈ വിദ്യാലയത്തിനുണ്ട്.

പ്രശസ്തരായ ഒട്ടേറെ അധ്യാപകർ ഈ സ്ഥാപനത്തിൽ സേവനമനുഷ്ഠിച്ചിട്ടുണ്ട്. തുടക്കത്തിൽ ശ്രീ.പയോളി രാമുണ്ണി മാസ്റ്റർ ആയിരുന്നു പ്രധാനാധ്യാപകൻ. എ.കെ.ജി.നയിച്ച പട്ടിണി ജാഥയിൽ പങ്കെടുത്ത അദ്ദേഹം സ്വാതന്ത്ര സമരത്തിൽ പങ്കെടുത്ത് നിരവധി തവണ ജയിൽവാസം അനുഷ്ഠിക്കുകയും ചെയ്തിട്ടുണ്ട്. സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിൻെറ സമുന്നത നേതാവായ ടി.കെ.ജി.കിടാവ്, സാഹിത്യകാരനും കവിയുമായ പി.നാരായണൻ നായർ, പി.ഗോപാലൻ മാസ്റ്റർ തുടങ്ങയവർ ഇവരിൽ ചിലർ മാത്രം.

## കാഴ്ചപ്പാട്

ഉത്തമനായ ഒരു വ്യക്തിയെ ,അല്ലെങ്കിൽ പ്രബുദ്ധമായ ഒരു സമൂഹത്തെ സൃഷ്ടിച്ചെടുക്കുക എന്ന ഉത്തരവാദിത്തം ഒരു പ്രദേശത്തെ വിദ്യാലയത്തിന്റെ കടമയാണ്.വിദ്യഭ്യാസം ഫലപ്രദവും കാര്യക്ഷമവുമാകാൻ വിശകലനവും, വിമർശനാൽമക വിലയിരുത്തലും,പ്രവർത്തന സന്നദ്ധതയും സർവോപരി സാമൂഹ്യ പങ്കാളിത്തവും ആവശ്യമാണ്.കാലാനുസൃതമായ മാറ്റങ്ങൾക്കനുസരിച്ച് പ്രവർത്തിക്കാനുള്ള സാഹചര്യം വിദ്യാലയത്തിനുണ്ടായേ തീരൂ.

വിദ്യാഭ്യാസരംഗത്ത് ഉണ്ടായിക്കൊണ്ടിരിക്കുന്ന അത്തരമൊരു നൂതന വികസന പദ്ധതിയുടെ രണ്ടാം ഘട്ടമാണ് അക്കാദമിക മാസ്റ്റർ പ്ലാൻ. ഒരു വിദ്യാലയത്തിലെ മുഴുവൻ കുട്ടികളുടെയും സമഗ്രമായ പുരോഗതിയെ ലക്ഷ്യമാക്കി കൊണ്ടുള്ള VISION 100 എന്ന കാഴ്ചപ്പാടിന്റെ ഭാഗമായിട്ടുള്ള ഒരു പദ്ധതി രേഖയാണ് അക്കാദമിക് പ്ലാൻ.

ഇത്തരമൊരു നൂതന സമീപനത്തിലൂടെ നമ്മുടെ വിദ്യാലയം ചില ലക്ഷ്യങ്ങൾ മുൻകൂട്ടി കാണുന്നു.

* അധ്യാപ-വിദ്യാർത്ഥി ബന്ധം സൌഹാർദ്ദ പൂർണ്ണമാകണം.
* സ്കൂൾ കെട്ടിടവും,ചുറ്റുപാടുകളും പഠനോപകരണമാകണം.
* ആഹ്ളാദം പകരുന്ന അന്തരീക്ഷം ഉണ്ടായിരിക്കണം.
* വാതിൽപ്പുറ പഠനത്തിന് സൌകര്യമുണ്ടാകണം.
* കുട്ടികളുടെ പ്രയാസങ്ങളും പ്രശ്നങ്ങളും പരിഹരിക്കപ്പെടുന്ന സാഹചര്യമുണ്ടാ കണം.
* സഹകരണ മനോഭാവവും, സംഘബോധവും ശീലിക്കുവാൻ അവസരമുണ്ടാകണം.
* ചുറ്റുപാടുകൾ പഠനോപകരണമാക്കുന്നതിന്റെ ഭാഗമായി ജൈവവൈവിധ്യ ഉദ്യാനം സ്ഥാപിക്കുക.
* ഭിത്തികളിൽ കഥാരചന,കവിതാ രചന തുടങ്ങിയ സർഗ്ഗശേഷികളെ ഉണർത്തുവാനുതകുന്ന ചിത്രങ്ങളും മറ്റും പതിപ്പിക്കുക.
* കൂടുതൽ ICT സാധ്യതകൾ വർദ്ധിപ്പിക്കുക.
* സ്കൂൾ ലൈബ്രറി വിപുലപ്പെടുത്തുക.

* പഠനോപകരണങ്ങളുടെ കാര്യക്ഷമത വർദ്ധിപ്പിക്കൽ.
* അധിക വായനക്ക് സൌകര്യമൊരുക്കുക.
* ക്ലാസ്സിലെ വായനാമൂലയുടെ സൌകര്യം വർദ്ധിപ്പിക്കുക.
* ദിനാസൂത്രണ രേഖകളുടെ കാര്യക്ഷമത ഉറപ്പുവരുത്തുക.
* ലിംഗ വ്യത്യാസ ചിന്തകളില്ലാതാക്കാൻ വേണ്ടി ആരോഗ്യകരമായ ധാരണകൾ വളർത്തുക.
* അക്കാദമിക പ്രവർത്തനങ്ങളുടെ ഗുണ നിലവാരം ഉറപ്പുവരുത്തുക.
* ഗൃഹസമ്പർക്കം ഒരു തുടർപരിപാടിയാക്കി മാറ്റി രക്ഷിതാക്കളുമായി നിരന്തര ബന്ധം പുലർത്തുക.
* സ്കൂൾ ലൈബ്രറിയുടെ ഉപയോഗം രക്ഷിതാക്കളിലേക്ക് കൂടി വ്യാപിപ്പിക്കുക.
* അനുരൂപീകരണ ക്ലാസ്സുകൾ നടത്തുക.
* സമഗ്രവും നിരന്തരവുമായ വിലയിരുത്തലും ലളിതവൽക്കരിച്ച പരിഹാര പ്രക്രിയകളും നടത്തുക.
* കുട്ടിയുടെ മനസ്സറിഞ്ഞ പ്രവർത്തനങ്ങളിലൂടെ ഏറ്റവും ആശ്വാസകരമായ അന്തരീക്ഷം ലഭ്യമാക്കുക.

## വിദ്യാലയം മികവിന്റെ കേന്ദ്രം

1. ഒരു വ്യക്തിയെ ഉത്തമ മനുഷ്യനാക്കിത്തീർക്കുക എന്നത് വിദ്യാഭ്യാസത്തിന്റെ പരമമായ ലക്ഷ്യമാണ്.ഈ ലക്ഷ്യം സാക്ഷാൽക്കരിക്കുന്ന ഇടമായി വിദ്യാലയത്തെ മാറ്റുക.
2. പാർശ്വവൽക്കരിക്കപ്പെട്ടവർക്ക് പ്രത്യേക പരിഗണനയും പങ്കാളിത്തവും ഉണ്ടാക്കുന്ന വിദ്യാലയ അന്തരീക്ഷം ഒരുക്കൽ.
3. പാഠ്യ-പാഠ്യാനുബന്ധ പ്രവർത്തനങ്ങളിൽ സജ്ജീവ താൽപര്യത്തോടെ കുട്ടികൾ പങ്കെടുക്കുന്ന വിദ്യാലയ അന്തരീക്ഷം സൃഷ്ടിക്കൽ.
4. സഹജീവി സ്നേഹം,ശുചിത്വം തുടങ്ങിയ മൂല്യങ്ങളും മനോഭാവങ്ങളും രൂപപ്പെടുത്തുതനുള്ള സാഹചര്യം ഒരുക്കൽ.
5. ഓരോ കുട്ടിയും അവരുടെ പ്രായത്തിണനനുസരിച്ചുള്ള ശേഷികൾ ഓരോ ക്ലാസ്സിലും നേടുന്നുണ്ട് എന്ന് ഉറപ്പാക്കൽ

## പദ്ധതി രൂപീകരണ പ്രക്രിയ : വിവിധഘട്ടങ്ങൾ

1. എസ്.ആർ.ജി യോഗത്തിൽ അക്കാദമിക് മാസ്റ്റർ പ്ലാൻ അവതരിപ്പിക്കലും ചർച്ചയും
2. വികസനാവശ്യങ്ങൾ ക്ലാസ്സ്/വിഷയം അടിസ്ഥാനത്തിൽ ഭൗതി തിരികം-അക്കാദമികം-സാമൂഹികം എന്നിങ്ങനെ തിരിച്ച് കരട് രേഖ തയ്യാറാക്കി.
3. കരട് രൂപരേഖ SRG, SSG, PTA, MPTA, രാഷ്ട്രീയ സംഘടനാ പ്രതിനിധികൾ, ജനപ്രതിനിധികൾ തുടങ്ങിയവരടങ്ങുന്ന ശില്പശാലയിൽ അവതരിപ്പിച്ചു.
4. ശില്പശാലയിൽ ഉയർന്നു വന്ന നിർദ്ദേശങ്ങൾ കൂട്ടിച്ചേർത്തു.
5. പി.ടി.എ നേതൃത്വത്തിൽ ക്രോഡീകൃത പദ്ധതി തയ്യാറാക്കി.

## നിലവിലുള്ള അവസ്ഥാ വിശകലനം

ഭൗതികം:- നേട്ടങ്ങൾ

ശതാബ്ദി സ്മാരകമായി 5 ക്ലാസ് മുറികളും ഒരു മൾട്ടിമീഡിയ ക്ലാസ് റൂമും അടങ്ങുന്ന കെട്ടിടം സ്കൂൾ മാനേജർ നിർമ്മിച്ച് നൽകിയിട്ടുണ്ട്. എം.പി.മുല്ലപ്പള്ളി രാമചന്ദ്രൻ, എം.എൽ.എ കുഞ്ഞമ്മദ് മാസ്റ്റർ, മന്ത്രി ടി.പി.രാമകൃഷ്ണൻ എന്നിവരിൽ നിന്നും ലഭിച്ച ഫണ്ടുകൾ ഉപയോഗിച്ച് ആവശ്യാനുസരണം കമ്പ്യൂട്ടറുകൾ ലഭ്യമാക്കാൻ കഴിഞ്ഞത് സ്കൂളിനെ സംബന്ധിച്ച് എടുത്തു പറയേണ്ട ഒരു നേട്ടമാണ്. പ്രിൻററും പ്രൊജക്ടറും ഉപയോഗിക്കാനുള്ള സംവിധാനം ഇന്ന് നിലവിലുണ്ട്. എല്ലാ ക്ലാസ് മുറികളിലും ഫാൻ, ലൈറ്റ് സൗകര്യങ്ങളും .ഐ.സി.ടി സാധ്യത ഉപയോഗിക്കാനുള്ള സംവിധാനവും ഉണ്ട്. സ്കൂൾ സുരക്ഷക്കായി ചുറ്റുമതിൽ നിർമ്മിച്ചിട്ടുണ്ട്.സ്കൂൾ കവാടത്തിൽ മനോഹരമായ ഗെയ്റ്റ് സ്ഥാപിച്ചിട്ടുണ്ട്. വാഹന സൗകര്യങ്ങൾക്കായി മറ്റൊരു ഗെയിറ്റ് കൂടിസ ഇവിടെ സ്ഥാപിച്ചിട്ടുണ്ട്. വിദ്യാലയാന്തരീക്ഷവും, ചുറ്റുപാടും പഠനോപകരണമായി മാറ്റുന്നതിൻെറ ചുമർചിത്രങ്ങൾ പതിച്ചിട്ടുണ്ട്. പ്ലബിംങ്ങ് സൗകര്യങ്ങളോടുകൂടിയ ശൗചാലയവും, പൈപ്പ് സൗകര്യവുമുണ്ട്. പൊതുജനങ്ങൾക്കും,കുട്ടികൾക്കുമായി കുടിവെള്ള സൗകര്യം ലഭ്യമാണ്.

ഭൗതികം:- പരിമിതികൾ

ഓഫീസ്,സ്റ്റാഫ് റൂം, ലൈബ്രറി, ലാബ് എന്നിവക്ക് സൗകര്യപ്രദമായ കെട്ടിടങ്ങൾ ഇല്ല. വാഹന ഷെഡ് പര്യാപ്തമല്ല. പ്രത്യേകം ഭോജനശാല ഇല്ല. ഓപ്പൺ എയർ സ്റ്റേജ് ആവശ്യമാണ്. കുട്ടികൾക്ക് പര്യാപ്തമായ തോതിലുള്ള കളിസ്ഥലം ഇല്ല. ആകർഷകമായ വിധത്തിൽ പൂന്തോട്ടം, ജൈവൈവിധ്യ പാർക്ക് എന്നിവ നിർമ്മിക്കേണ്ടതുണ്ട്.

അക്കാദമികം:- നേട്ടങ്ങൾ

L.S.S നേട്ടങ്ങളുടെ പട്ടിക പരിശോധിച്ചാൽ 2,4,5,8 എന്നിങ്ങനെ പടിപടിയായ വളർച്ചയുടെ ചരിത്രം കാണാം. കഴിഞ്ഞ വർഷം 8 വിദ്യാർത്ഥികൾ L.S.S.നേടി സബ് ജില്ലയിൽ വിദ്യായലത്തെ ഒന്നാം സ്ഥാനത്തെത്തിച്ചു. 8 ഓളം തവണ ജില്ലാ തലത്തിൽ ഗണിതശാസ്ത്ര ക്വിസിന് ഒന്നാം സ്ഥാനം നേടാൻ കഴിഞ്ഞു. ശ്രദ്ധ, മലയാളത്തിളക്കം,ഹലോ ഇംഗ്ലീഷ് എന്നീ പ്രത്യേക പരിശീലന പരിപാടിയിലൂടെ കുട്ടികളുടെ അക്കാദമിക നിലവാരം മെച്ചപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

സബ് ജില്ലാ കലാമേളയിൽ തുടർച്ചയായി ഒന്നാം സ്ഥാനത്തെത്താൻ ഈ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്. ശാസ്ത്ര-ഗണിതശാസ്ത്ര പ്രവർത്തി പരിചയ മേളകളിലെല്ലാം തുടർച്ചയായ വിജയങ്ങളിലൂടെ വ്യക്തി മുദ്ര പതിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്. ചിത്രരചനയിൽ സംസ്ഥാന തലത്തിൽ സമ്മാനങ്ങൾ നേടാൻ കഴിഞ്ഞിട്ടുണ്ട്. യുറീക്കാ വിജ്ഞാനോൽസവം, ഇതര സബ് ജില്ലാ-ജില്ലാ മൽസരങ്ങൽ തുടങ്ങിയവയിൽ വ്യക്തി മുദ്ര പതിപ്പിക്കാൻ വിദ്യാലയത്തിന് കഴിഞ്ഞിട്ടുണ്ട്.

വർഷങ്ങളായി പഞ്ചായത്ത് തല കായികമേളയിൽ വിജയം നേടുന്നത് ചെറുവണ്ണൂർ എ.എൽ.പി. സ്കൂളാണ്. സബ് ജില്ലാ സ്പോർട്സിലും ഈ വിദ്യാലയം പലപ്പോഴും ഒന്നാമതെത്തിയിട്ടുണ്ട്.

അക്കാദമികം :- പരിമിതികൾ

വിവിധ മൽസര പരീക്ഷകളുടെ മികവ് ഇനിയും വർധിക്കേണ്ടതുണ്ട്. സ്കൂൾ ലൈബ്രറി വിപുലീകരിക്കണം. കലാ-കായിക അധ്യാപകരുടെ അഭാവം. ക്ലാസ് ലൈബ്രറികൾ ഫലപ്രദമാക്കാൻ കഴിഞ്ഞിട്ടില്ല. എല്ലാ ക്ലാസുകളും സ്മാർട്ട് ക്ലാസുകളാക്കുക.

# സാമൂഹികം

ആരോഗ്യമുള്ള ഒരു സമൂഹത്തെ വാർത്തെടുക്കുക എന്ന ശ്രമകരമായ ഉത്തരവാദിത്തമാണ് സാമൂഹ്യ പ്രതിബദ്ധതയുള്ള ഒരു സ്ഥാപനം എന്ന നിലയിക്ക് വിദ്യാലയത്തിനുള്ളത്.അവസരത്തിനൊത്ത് ഉയരാൻ കഴിയുന്നതും സന്ദർഭങ്ങളിൽ പതറാതെ മിടുക്കോടെ നേരിടാൻ കഴിയുന്നതും അറിവും അലിവും നേതൃത്വഗുണവുമുള്ള ഒരു മാതൃകാ വ്യക്തിത്വം-അതാണ് ഒരു വിദ്യാലയത്തിന്റെ ലക്ഷ്യം.അറിവിന്റെ അന്നത്തിനായി വിശക്കുന്നവനാണ് വിദ്യാർത്ഥി.ആ വിശപ്പ് മാറ്റാൻ പര്യാപ്തമായ വിഭവങ്ങൾ അവന് വിദ്യാലയത്തിൽ ലഭിക്കേണ്ടത് അവന്റെ അവകാശമാണ്.ഒരു വിദ്യാലയത്തിന്റെ അടിവേരുകൾ ആ സമൂഹത്തിൽ ഊന്നിയാണിരിക്കുന്നത്.സാമൂഹ്യമായ ഇടപെടലുകളും വിമർശനാത്മക സമീപനവും പ്രവർത്തന ത്വരയും,കാലാനുസൃതമായ മാറ്റങ്ങളെ ഉൾക്കൊണ്ട് കൊണ്ട് മാതൃകാപരമായി പ്രവർത്തിക്കാനുള്ളസന്നദ്ധതയും സാഹചര്യവും വിദ്യാലയത്തിനുണ്ടായിരിക്കണം..

## നേട്ടങ്ങൾ

അർപ്പണബോധവും സഹകരണ സന്നദ്ധതയുമുള്ള ഒരു പി.ടി.എ ചെറുവണ്ണൂർ എ.എൽ.പി.സ്കൂളിനുണ്ട്.സ്കൂൾ പ്രവർത്തനങ്ങളിൽ തല്പരരായ SSG ഗ്രൂപ്പും ഉണ്ട്.വിദ്യാലയ വികസന സമിതി,പൂർവ്വ വിദ്യാർത്ഥി സംഘടന,മാതൃ പിടിഎ,പൂർവ്വ അധ്യാപക സംഘടന എന്നിവ പ്രവർത്തിക്കുന്നുണ്ട്.സാമൂഹ്യ പങ്കാളിത്തത്തോടെ കുട്ടികൾക്കും നാട്ടുകാർക്കും രക്ഷിതാക്കൾക്കുമായി ഒട്ടേറെ പ്രവർത്തനങ്ങൾ ഏറ്റെടുത്ത് നടപ്പാക്കാൻകഴിഞ്ഞിട്ടുണ്ട്.സൗജന്യ ഹോമിയോ മെഡിക്കൽ ക്യാമ്പ്,അലോപ്പതി മെഡിക്കൽ ക്യാമ്പ്,എന്നിവയും മരുന്ന് വിതരണവും നടത്താനായിട്ടുണ്ട്.സൗജന്യ രക്തപരിശോധനാ ക്യാമ്പും നടത്തിയിട്ടുണ്ട്.

നല്ല പാഠം പദ്ധതിയുടെ ഭാഗമായി രക്ഷിതാക്കളുടെയും നാട്ടുകാരുടേയും സ്കൂൾ സമിതികളുടേയും സഹകരണത്തോടെ ഇപ്പോൾ സ്കൂളിലെ നിർദ്ധനരായ സഹോദരങ്ങളുടെ വീട് പണി പൂർത്തിയാക്കാനുള്ള പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുകയാണ്.ഇതിന് പരിധികളില്ലാത്ത സഹകരണം പ്രദേശവാസികളിൽ നിന്നും രക്ഷിതാക്കളിൽ നിന്നും ലഭിച്ചുകൊണ്ടിരിക്കുന്നു.

ഈ വിദ്യാലയത്തിൽവെച്ച് പലതവണയായി നടന്നിട്ടുള്ള സബ്ജില്ലാ മേളകളുടെ നടത്തിപ്പിൽ നിസ്സീമമായ സഹായ സഹകരണങ്ങളാണ് നാട്ടുകാരിൽനിന്ന് ലഭിച്ചിട്ടുള്ളത്.ഇത്തരം പരിപാടികൾ സ്വന്തം ഉത്തരവാദിത്തമായി ഏറ്റെടുത്ത് ഭംഗിയായി നടത്താനും പ്രശംസ പിടിച്ചുപറ്റാനും കഴിഞ്ഞുവെന്നത് അഭിമാനകരമാണ്.സ്കൂൾ പച്ചക്കറി കൃഷി,വിശേഷാവസര ആഘോഷങ്ങൾ,ഉച്ചഭക്ഷണം തുടങ്ങി എല്ലാരംഗത്തും ഇവിടെ സാമൂഹ്യ പങ്കാളിത്തം സജീവമാണ്.കുട്ടികളുടെ പിറന്നാൾ സമ്മാനമായി മിഠായികൾക്കുപകരം ഒരു തുക സ്കൂൾ ഉച്ചഭക്ഷണത്തിലേക്ക് രക്ഷിതാക്കൾ സംഭാവന ചെയ്യുന്നു.ചിലപ്പോൾ തുകയ്ക്ക് പകരം ഒരു ഭക്ഷണ ഇനം കൂടുതലായി സംഭാവന ചെയ്യാറുമുണ്ട്.പലപ്പോഴും ഇതുപോലെ പായസദാനവും നടത്താറുണ്ട്.ഓണം തുടങ്ങിയ വിശേഷാവസരങ്ങളിൽ പരിപാടികളിലും സദ്യകളിലും ആയിരങ്ങളെ പങ്കെടുപ്പിക്കാൻ കഴിയുന്നുവെന്നതും ചാരിതാർത്ഥ്യമാണ്. മുഴുവൻ കുട്ടികളേയും ഉൾപ്പെടുത്തിക്കൊണ്ട് വർഷംതോറും നടത്തുന്ന സ്കൂൾ വാർഷികത്തിൽ നല്ലൊരു വിഭാഗം കുട്ടികൾക്കും നൃത്തം,ഗാനം,നാടകം തുടങ്ങിയ ഇനങ്ങളിൽ സമീപവാസികളും,പൂർവ്വ വിദ്യാർത്ഥികളും,രക്ഷിതാക്കളും ആണ് പരിശീലനം നൽകുന്നത്.

മേഖല : അക്കാദമികം വിഷയം : മലയാളം

പ്രശ്നം 1,2 ക്ലാസുകളിലെ 20% കുട്ടികൾക്ക് എഴുതാനും വായിക്കാനും കഴിയുന്നില്ല.

ലക്ഷ്യം 1,2 ക്ലാസുകളിലെ എഴുതാനും വായിക്കാനും കഴിയാത്ത മുഴുവൻ കുട്ടികളേയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കി മാറ്റുക.

പരിമിതികൾ

| കുട്ടി | അധ്യാപകർ | രക്ഷിതാവ് | സംവിധാനം |
|---|---|---|---|
| ക്ലാസിൽ കൂടുതൽ അവസരങ്ങൾ ലഭ്യമാക്കുന്നില്ല<br><br>പഠനവേഗതക്കുറവ്<br><br>അക്ഷരവും ചിഹ്നവും തമ്മിലുള്ള ബന്ധം മനസിലാകുന്നില്ല.<br><br>ചിഹ്നങ്ങളും അവയുടെ ശബ്ദവും തമ്മിലുള്ള ബന്ധം മനസിലാകുന്നില്ല. | എല്ലാ കുട്ടികളേയും വ്യക്തിപരമായി ശ്രദ്ധിക്കാൻ സമയം കിട്ടുന്നില്ല.<br><br>പാഠഭാഗങ്ങളുടെ ബാഹുല്യം<br><br>പഠനോപകരണങ്ങൾ കൃത്യമായി വേണ്ട സമയങ്ങളിൽ ഉപയോഗിക്കാൻ കഴിയുന്നില്ല.<br><br>ഭിന്നതല പ്രവർത്തനങ്ങൾ നൽകുന്നതിലുള്ള പ്രയാസം | വീട്ടിലെ സാഹചര്യങ്ങൾമൂലം കുട്ടിയെ വേണ്ടത്ര ശ്രദ്ധിക്കാൻ കഴിയുന്നില്ല<br><br>അമ്മയുടെ ജോലിത്തിരക്ക്<br><br>അച്ഛന്റെ മദ്യപാനം<br><br>രക്ഷിതാക്കളുടെ താൽപര്യക്കുറവ്<br><br>പഠനോപകരണങ്ങൾ വേണ്ടത്ര നൽകുന്നില്ല. | ശിശുസൗഹൃദക്ലാസ് മുറിയല്ല.<br><br>ICT സംവിധാനങ്ങൾ വേണ്ട രീതിയിൽ ഉപയോഗിക്കത്തക്ക ക്ലാസ് സംവിധാനമില്ല<br><br>വർക്ക് ഷീറ്റുകൾ,അധികപഠനസാമഗ്രികൾ ഇവ ലഭ്യമാകുന്നില്ല. |

മേഖല : അക്കാദമികം

പ്രവർത്തനം : 1

പ്രവർത്തനത്തിന്റെ പേര് : മുന്നേറ്റം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| 1,2 ക്ലാസുകളിലെ എഴുതാനും വായിക്കാനും കഴിയാത്ത മുഴുവൻ കുട്ടികളേയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കി മാറ്റുക. | ഉപ പ്രവർത്തനങ്ങൾ<br>1.കളിപ്പെട്ടി കൂടുതൽ പഠനോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ,ചിഹ്നങ്ങൾ, അക്ഷരങ്ങൾ ഇവ കാർഡ്ബോർഡിൽ വെട്ടിയെടുത്തത്. | 6 മാസം | ക്ലാസ് ടീച്ചർ | PTA<br>SRG<br>MPTA | |

മേഖല : അക്കാദമികം

പ്രവർത്തനം : 2

പ്രവർത്തനത്തിന്റെ പേര് : കണ്ടെത്താം യോജിപ്പിക്കാം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| എഴുതാനും വായിക്കാനും കഴിയാത്ത മുഴുവൻ കുട്ടികളേയും എഴുതാനും വായിക്കാനും കഴിവുള്ളവരാക്കി മാറ്റുക. | പ്രവർത്തനം 2<br>കഥാകകലങ്ങൾ കണ്ടെത്തി ചേർത്ത് വെച്ച് കഥാനിർമാണം.<br><br>പ്രവർത്തനം 3<br>വായന,വാക്യ നിർമാണം,രചനാ പ്രവർത്തനങ്ങൾ ഇവയിൽ ഏർപ്പെടുന്നു. | 6 മാസം<br><br>6 മാസം | ക്ലാസ് ടീച്ചർ | സ്കൂൾ ലൈബ്രേറിയൻ<br>രക്ഷിതാക്കൾ | |

മേഖല : അക്കാദമികം

പ്രവർത്തനം 4 : മിന്നുന്ന വായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഹരിക്കൽ(മലയാളത്തിളക്കം) ഭാഷയിൽ സി ഗ്രേഡ് കിട്ടിയ കുട്ടികൾക്ക് | അക്ഷരം ഉറപ്പിക്കൽ അടയാളം ഉറപ്പിക്കൽ അടിക്കുറിപ്പ്,കഥപറയൽ,എഴുതൽ,കഥ പൂർത്തിയാക്കൽ.പിന്നോക്കക്കാർക്ക് ക്ലാസ്. | 2 മാസം<br>ഓഗസ്റ്റ്-സെപ്തംബർ | ക്ലാസ് ടീച്ചർ<br>SRG | സ്കൂൾ സമിതികൾ<br>രക്ഷിതാക്കൾ<br>പൂർവ്വ വിദ്യാർത്ഥികൾ | |

മേഖല :അക്കാദമികം

പ്രവർത്തനം 5 : ക്ലാസ് വായനക്കൂട്ടം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| കുട്ടിയെ മികച്ച വായനക്കാരനാക്കുക | ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുന്നു.( എല്ലാ ക്ലാസിലും) സമീപ ഗ്രന്ഥശാലയിൽ അംഗത്വം നേടുന്നു.പുസ്തകചർച്ച, വായനോത്സവം തുടങ്ങിയവ സംഘടിപ്പിക്കൽ | 6 മാസം | ലൈബ്രേറിയൻ<br>ക്ലാസ് ടീച്ചേർസ് | ഗ്രന്ഥശാല<br>സ്കൂൾ ലൈബ്രറി<br>പത്രങ്ങൾ<br>ആനുകാലിക പ്രസിദ്ധീകരണങ്ങൾ | |

മേഖല : അക്കാദമികം

പ്രവർത്തനം :വായിക്കാം എഴുതാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| എല്ലാ കുട്ടികളെയും തെറ്റില്ലാതെ മലയാളം വായിക്കാൻ പ്രാപ്തരാക്കുക. | * പ്രീടെസ്റ്റ്<br>* അക്ഷരം ഉറപ്പിക്കൽ<br>* ചിഹ്നങ്ങൾ ഉറപ്പിക്കൽ<br>* പദ നിർമാണം<br>* വാക്യ നിർമാണം<br>* ആശയരൂപീകരണം<br>* മികച്ച വായനക്കാരെ കണ്ടെത്തൽ<br>* വായിച്ച കഥകളിലൂടെ അവതരണം. | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | SRG<br>രക്ഷിതാക്കൾ<br>BRC | |

മേഖല : അക്കാദമികം

പ്രവർത്തനം: എഴുത്തിന്റെ മികവ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| അക്ഷരത്തെറ്റില്ലാതെ വാക്യങ്ങൾ എഴുതാൻ പ്രാപ്തരാക്കുക. | കഥകൾ കേട്ട്സ്വന്തം ഭാഷയിൽ എഴുതൽ.പദസൂര്യൻ പൂർത്തിയാക്കുന്നു.പദസൂര്യനിലെ വാക്കുകൾ ഉൾപ്പെടുന്ന വാചകങ്ങൾ എഴുതുക. സംഭാഷണം എഴുതൽ,ഡയറി എഴുതൽ | ജൂൺ - മാർച്ച് | ക്ലാസ് ടീച്ചർ<br>SRG<br>രക്ഷിതാക്കൾ | BRC<br>PTA<br>ഗ്രന്ഥശാല | |

മേഖല : അക്കാദമികം

പ്രവർത്തനം : വായിച്ചു വളരാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| വായനാ പരിപോഷണം | ആനുകാലിക പ്രസിദ്ധീകരണങ്ങളും വായനയും ആസ്വാദ്യകരമായ വായന വായന സാമഗ്രികൾ വികസിപ്പിക്കൽ. | ജൂൺ - ആഗസ്ത്<br>3 മാസം | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ | |

മേഖല : അക്കാദമികം

പ്രവർത്തനം : കുഞ്ഞുവായന പിന്നാക്കക്കാർക്ക്.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| വായനയിൽ താൽപര്യം വളർത്തുക. | അക്ഷരപ്പാട്ടുകൾ ശേഖരണം അക്ഷരക്കാർഡുകൾ, ചിത്രക്കാർഡുകൾ ഇവ ഉപയോഗിച്ച് വായന. | ജൂൺ - ആഗസ്ത്<br>3 മാസം | ക്ലാസ് ടീച്ചർ | രക്ഷിതാക്കൾ | |

മേഖല : അക്കാദമികം.

പ്രവർത്തനം : കുഞ്ഞുവായന മുന്നോക്കക്കാർക്ക്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| വായനയെ പരിപോഷിപ്പിക്കുക | കുട്ടിക്കവിതകൾ,ബാലമാസികകൾ,സംഭാഷണകവിതകൾ,നാടകങ്ങൾ,യാത്രാക്കുറിപ്പുകൾ തുടങ്ങിയവ വായിക്കുന്നു. ലഘുകുറിപ്പുകൾ തയ്യാറാക്കുന്നു.വായനാമൂല,ക്വിസ്,ICT...... | 1 വർഷം | ക്ലാസ് ടീച്ചർ<br>രക്ഷിതാക്കൾ | PTA<br>SRG<br>SSA | |

മേഖല : അക്കാദമികം

പ്രവർത്തനം : കുഞ്ഞെഴുത്ത്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| വ്യക്തിഗത രചന,അക്ഷരങ്ങളും ചിഹ്നങ്ങളും ഉറപ്പിക്കുന്നതിന് | ചിഹ്നങ്ങൾ ചേർക്കാതെയുള്ള പദങ്ങൾ,വാക്യങ്ങൾ,കഥാശകലങ്ങൾ തുടങ്ങിയവ നൽകുന്നു. ചിഹ്നങ്ങൾ ചേർത്ത് പൂർത്തീകരിക്കുന്നു. | | | | |

മേഖല : അക്കാദമികം

പ്രവർത്തനം : വാർത്താബോർഡ്

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ആനുകാലിക സംഭവങ്ങളെക്കുറിച്ച് കുട്ടികളെ ബോധവാന്മാരാക്കുക.പത്രവായനഒരു ശീലമാക്കി മാറ്റുക | പ്രധാന പത്രവാർത്തകൾ ശേഖരിച്ച് വാർത്താബോർഡിൽ എഴുതുന്നു.പത്രവാർത്ത നോട്ടിൽ എഴുതാൻ സൗകര്യം ഒരുക്കുന്നു. | | | | |

മേഖല : അക്കാദമികം

പ്രവർത്തനം : അമ്മവായന

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| അമ്മ വായന അയൽപക്കവായന കുട്ടികളിലൂടെ | കുട്ടിയ്ക്കും അമ്മയ്ക്കും അയൽവീട്ടിലെ അമ്മയ്ക്കും വായിക്കാൻ പുസ്തകം.അയൽക്കാരുമായി അനുഭവം പങ്കിടൽ | 1 വർഷം | ക്ലാസ് ടീച്ചർ | ലൈബ്രേറിയൻ<br>അമ്മമാർ | |

മേഖല : അക്കാദമികം വിഷയം മലയാളം

പ്രവർത്തനം : എഴുത്തിൽ വിരുത്

| | ലക്ഷ്യപ്രസ്താവന | പ്രവർത്തനങ്ങൾ | കാലാവധി | ചുമതല | പിന്തുണ |
|---|---|---|---|---|---|
| 1 | കുട്ടിയെ മികച്ച എഴുത്തുകാരനാക്കുക(എഴുത്തുകൂട്ടം) | എഴുത്തുകൂട്ട രൂപീകരണം. പുസ്തക ചർച്ച.വായനാക്കുറിപ്പ് പതിപ്പ്.ചുമർപത്രിക പതിപ്പ് തയ്യാറാക്കൽ പൊതു വേദികളിൽ സംസാരിക്കാനുള്ള കഴിവ്, വ്യക്തിഗത രചന,സംഘരചന, സാഹിത്യകാരന്മാരുമായുള്ള സംവാദം,അഭിമുഖം | 6 മാസം | ലൈബ്രറി<br>പുസ്തകങ്ങൾ<br>ജീവചരിത്ര പുസ്തകങ്ങൾ | B.R.C<br>ഗ്രന്ഥശാല<br>DIET<br>SCERT<br>P.T.A |

പ്രശ്നം എല്ലാകുട്ടികൾക്കും അർത്ഥപൂർണ്ണമായി വായിക്കാനും തെറ്റില്ലാതെ എഴുതാനും പ്രയാസം നേരിടുന്നു.

| | ഉപപ്രവർത്തനങ്ങൾ | ചുമതല/ടീം അംഗങ്ങളുടെ പേര് | കാലം | സാമ്പത്തികം | ഏജൻസി |
|---|---|---|---|---|---|
| 1 | CPTA | അതാത് Class teacher | ജൂൺ 2 മണിക്കൂർ | - | - |
| 2 | വായന മെറ്റീരിയൽ നിർമാണം(രക്ഷിതാക്കൾ,കുട്ടികൾ, അധ്യാപകർ ചേർന്ന്) | Class teacher | ജൂൺ 1/2 ദിവസം | 500 | PTA |
| 3 | ക്ലാസ് ലൈബ്രറി രൂപീകരണം. പുസ്തകശേഖരണം(ഓരോ ക്ലാസിലേയും നിലവാരത്തിനനുസരിച്ചുള്ള പുസ്തക ശേഖരണം ഉണ്ടാക്കുന്നു) | Teacher രക്ഷിതാക്കൾ | ജൂൺ | - | |
| | വിതരണ രജിസ്റ്റർ സൂക്ഷിക്കുന്നു. മാസത്തിൽ ഒരു വായനാ മെറ്റീരിയൽ വായിക്കും(പുസ്തകം,കാർഡ് മറ്റുള്ളവ)കുറിപ്പ് തയ്യാറാക്കുന്നു.മികച്ചതിന് അസംബ്ലിയിൽ അംഗീകാരം നൽകൽ | Teacher | ജൂൺ-മാർച്ച് | - | |

| | | | | | | |
|---|---|---|---|---|---|---|
| 4 | <u>പത്രവായന</u><br>ഓരോ ക്ലാസിലും ഓരോ പത്രം പത്ര വാർത്ത വായിക്കാൻ ഓരോ ദിവസവും വ്യത്യസ്ത കുട്ടികൾക്ക് ചുമതല അസംബ്ലിയിൽ പത്രവായന | ക്ലാസ് ലീഡർ<br>ക്ലാസ് ടീച്ചർ | 6/18 | 3/19 | - | അധ്യാപക രക്ഷാകർതൃ സമിതി |
| 5 | <u>ഡയറി എഴുതൽ</u><br>സ്കൂളിലെ മുഴുവൻ കുട്ടികളും ഡയറി എഴുതുന്നു ക്ലാസിലെ മികച്ച ഡയറികൾ കണ്ടെത്തുന്നു.അംഗീകാരം നൽകുന്നു. | ക്ലാസ് ടീച്ചർ | 6/18 | 3/19 | - | PTA |
| 6 | <u>ദിനാചരണങ്ങൾ</u><br>ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് കുറിപ്പ് തയ്യാറാക്കി അവതരിപ്പിക്കുന്നു | ടീച്ചർ<br>രക്ഷിതാക്കൾ | 6/18 | 3/19 | 3000 | രക്ഷിതാക്കൾ |
| 7 | കഥ,കവിത എഴുതൽ കഥയുടെ തുടക്കവും അവസാനവും നൽകുന്നു. | | | | | |
| 8 | <u>യാത്രാ വിവരണം</u><br>കുട്ടികൾ നടത്തുന്ന യാത്ര | ക്ലാസ് ടീച്ചർ | 6/18 | 9/18 | 3000 | രക്ഷിതാക്കൾ |

| | | | | | |
|---|---|---|---|---|---|
| | യുടെ വിവരണം നടത്തുന്നു/എഴുതുന്നു. | | | | |
| 9 | പ്രൊജക്റ്റർ ഉപയോഗിച്ചുള്ള വായനാ പ്രവർത്തനങ്ങൾ | ക്ലാസ് ടീച്ചർ | 6/18 9/18 | - | - |

# ഗണിത ശാസ്ത്രം

എല്ലാ ലോക സംസ്ക്കാരങ്ങളുടേയും വളർച്ചയുടെ കൂടെ ഗണിതവും വളർന്നിട്ടുണ്ട്.ചിലപ്പോഴെല്ലാം ഗണിതം  രു സംസ്ക്കാരത്തിൽനിന്ന് മറ്റ് സംസ്ക്കാരങ്ങളിലേക്ക് പകർന്ന് പോയിട്ടുണ്ട്.ഇപ്പോൾ ലോകമാകമനം ഗണിതശാസ്ത്രം ഒരൊറ്റ ശാസ്ത്ര ശാഖയായി നിലകൊള്ളുന്നുവെങ്കിൽ അതിന്റെ പിന്നിൽ ബൃഹത്തായ ചരിത്രമുണ്ട്.അതിന്റെ വേരുകൾ ഉറച്ചുനിൽക്കുന്നതിൽ ചില മഹാത്മാക്കളുടെ സ്വപ്നങ്ങളും ത്യാഗങ്ങളും ജീവനും ജീവിതവും ആണെന്നതിൽ സംശയമില്ല.

ഗണിതം മനോഹരമായ ഒരു ചങ്ങലയാണ്.അതിലെ കണ്ണികൾ ക്രമമായി അടുക്കിയാൽ മാത്രമേ ഗണിതപഠനം രസകരമാകൂ.ഗണിതാശയങ്ങളിലെ യാന്ത്രികത ഉപേക്ഷിക്കാനും പരമാവധി ജീവിത സാഹചര്യങ്ങളുടെ അകമ്പടിയോടെ ഗണിതപ്രശ്നങ്ങളെ അവതരിപ്പിക്കാൻഉതകുന്ന പഠനപ്രവർത്തനങ്ങൾ തന്നെയാണ് ജ്ഞാനനിർമിതിയിലധിഷ്ടിതമായ പ്രക്യയാ ബന്ധിത പഠനം ഗണിതപഠനത്തിലെത്തിക്കുന്നെങ്കിലും ചില പ്രയാസങ്ങളും പരമമിതികളും ഗണിതാധ്യാപകർ നേരിടുന്നു.കുട്ടികളിൽ ഗണിതശേഷികൾ വളർത്തുന്നതോടൊപ്പംതന്നെ ഗണിതപഠനത്തിൽ താൽപര്യം ജനിപ്പിക്കാൻ നമ്മളിൽ എത്രപേർക്ക് സാധിക്കുന്നു എന്ന് നാം ചിന്തിക്കേണ്ട വിഷയമാണ്.

**നേട്ടങ്ങൾ**

മേലടി ഉപജില്ലാ ഗണിതശാസ്ത്ര മേളയിൽ ജ്യോമെട്രിക്കൽ ചാർട്ട് വിഭാഗത്തിൽ ലമിൻ അബ്ദുള്ള A GRADE നേടി.

1. ഗണിതപഠനത്തിൽ മുൻപന്തിയിൽ നിൽക്കുന്ന കുട്ടികൾ ഗണിതപഠനത്തിൽ പിന്നോക്കാവസ്ഥ നേരിടുന്ന കുട്ടികൾക്ക് കൈത്താങ്ങായി അവരുടെ ഒഴിവ് സമയം ഫലപ്രദമാക്കുന്നു.
2. ക്ലാസ് ആധ്യാപകരുടെ നേതൃത്വത്തിൽ പ്രത്യേക മൂല്യ നിർണയ പ്രവർത്തനങ്ങൾ നടത്തുന്നു.

**കണ്ടെത്തിയ പരിമിതികൾ**

1 മുതൽ 4 വരെയുള്ള ക്ലാസുകളിലെ എല്ലാ കുട്ടികൾക്കും പാഠ്യപദ്ധതി നിർദേശിച്ച ആശയങ്ങളും ശേഷികളും നേടാൻ കഴിയുന്നില്ല.

ഐ.ടി.സി. അധിഷ്ഠിതവും പ്രക്യയാ ബന്ധിതവുമായ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിലുള്ള പരിമിതികൾ ചതുഷ്ക്രിയാ ബോധം 3,4 കുട്ടികളിൽ അവ്യക്തതയുണ്ട്.

ഗണിതലാബിന്റെ പരിമിതി

**കാരണങ്ങൾ  കുട്ടികളിൽ**

അടിസ്ഥാന ആശയങ്ങളുടെ ധാരണക്കുറവ്

പഠിക്കുന്ന ആശയങ്ങൾ നിത്യജീവിതവുമായി ബന്ധപ്പെടുത്താൻ കഴിയാത്തത്.

തുടർച്ചയായ അസുഖങ്ങൾ

ഗൃഹസംബന്ധമായ പ്രശ്നങ്ങൾ

അധ്യാപകരിൽ

1. ആസൂത്രണത്തിലെ പ്രശ്നങ്ങൾ

2. പഠനോപകരണങ്ങൾ ഇല്ലാതെയുള്ള അധ്യാപനം

3.വൈവിധ്യമാർന്ന പഠന പ്രവർത്തനങ്ങൾ നടത്തുവാൻ കഴിയാത്ത അവസ്ഥ.

4. കൈ പുസ്തകങ്ങളെ ആശ്രയിച്ചുള്ള അധ്യാപനം.

5. ഭിന്ന നിലവാരക്കാരായ കുട്ടികൾ ഉള്ള ക്ലാസുകളിലെ അധ്യാപനം.

6. പഠനമാധ്യമത്തിലെ പ്രശ്നങ്ങൾ.

## സംവിധാനം

1. അധ്യാപക പരിശീലനങ്ങൾ നടക്കുന്നുണ്ടെങ്കിലും വാചികരൂപത്തിൽ ഒതുക്കുന്നു.

2.വിലയിരുത്തൽ നടക്കുന്നുണ്ടെങ്കിലും ഫീഡ് ബാക്ക് ലഭിക്കുന്നില്ല.

## രക്ഷിതാക്കൾ

1. എല്ലാ വീടുകളിലും പഠനാന്തരീക്ഷം ഉറപ്പുവരുത്തുന്നില്ല.

2. പ്രവൃത്തി ദിനങ്ങളിലുള്ള യാത്ര

3. രക്ഷിതാക്കൾക്ക് സ്കൂളുമായുള്ള ബന്ധം കുറയുന്നു.

4. തന്റെ കുട്ടി എവിടെ നിൽക്കുന്നു എന്ന് അറിയാൻ മിക്കവരും ശ്രമിക്കാറില്ല.

## പരിഹാര ബോധനം

1.പ്രീടെസ്റ്റ് നടത്തി കുട്ടിയുടെ നില നിർണയിക്കൽ

2.അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ

3. എല്ലാ കുട്ടികളേയും പരിഗണിച്ചുകൊണ്ട് പാഠാസൂത്രണങ്ങളും പഠനോപകരണങ്ങളും തയ്യാറാക്കൽ

4. ഗണിത ക്ലബ് രൂപീകരണം

5. അധിക സമയം കണ്ടെത്തുക

6. ഗണിത പഠനം നിത്യ ജീവിതവുമായി ബന്ധപ്പെടുത്തുക 36

7. ഗണിത ലാബ് സജ്ജീകരിക്കുക

8. ക്ലാസ് P.T.A ഫലപ്രദമാക്കുക

9. വീടുകളിലെ പഠനാന്തരീക്ഷം മെച്ചപ്പെടുത്താനുള്ള പ്രവർത്തനം

10. റിസോഴ്സ് ടീച്ചേർസിന്റെ ക്ലാസുകൾ വിദ്യാലയങ്ങളിൽ സംഘടിപ്പിക്കുക.

11. ഐ.ടി.സി.പരിശീലനം അധ്യാപകർക്ക് നൽകുക.

മേഖല: ഭാഷാപഠനം

ഉപമേഖല: ഇംഗ്ലീഷ്പഠനം 54

<u>ലക്ഷ്യങ്ങൾ</u>

* എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ്ഭാഷ ഫലപ്രദമായി എഴുതുവാനും വായിക്കുവാനും സംസാരിക്കാനുമുള്ള കഴിവ് വളർത്തിയെടുക്കുക.
* ഇംഗ്ലീഷ് ഭാഷാപഠനം ലളിതവും രസകരവും ആകർഷണീയവുമായി മാറ്റാനുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പാക്കുക.
* ഓരോ ക്ലാസ്സിലും ഓരോ യൂണിറ്റിലും ലഭിക്കേണ്ട പഠന നേട്ടങ്ങൾ ഓരോ കുട്ടിയും നേടിയെന്ന് ഉറപ്പുവരുത്തുക.
* ഇംഗ്ലീഷ് ഭാഷാ പഠനത്തിലൂടെ കുട്ടികൾക്ക് മറ്റുള്ള ഭാഷകളോട് സ്നേഹവും അഭിരുചിയും വളർത്തിയെടുക്കുക.

<u>പ്രവർത്തനങ്ങൾ</u>

- വാക്കുകൾപരിചയപ്പെടൽ:
  (ഓരോദിവസവും പുതിയ രണ്ട് വാക്കുകൾ.ആഴ്ചയിൽ ഒരു കൂട്ടം വാക്കുകൾ. പരിചിത വാക്കു കളുമായിബന്ധപ്പെട്ട വാക്കുകൾ.)
- തിരിച്ചറിയൽ കാർഡ്:

  (English Rhymes – Story telling - Role play –Choreography)

- ഇംഗ്ലീഷ് അസംബ്ലി
- പ്രദർശന ബോർഡ് ( ഓരോ ക്ലാസ്സിലും)
- ക്ലാസ് ലൈബ്രറി
- ഐ.സി.ടി ഉപയോഗം മെച്ചപ്പെടുത്തൽ
- English Fest
- My Englis diary (ക്ലാസ് ആഴ്ചയിൽ ഒന്ന്)
- English Club.
- WorkSheet നിർമ്മാണം
- ശില്പശാല (കാർഡ് നിർമ്മാണം)
- കൈയ്യെഴുത്ത് മാസിക
- My English book
- English സർഗവേള
- അഭിമുഖം
- ഇംഗ്ലീഷ്പ്ലക്കാർഡുകൾ

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| എല്ലാകുട്ടികൾക്കും ഇംഗ്ലീഷ്ഫലപ്രദമായി വായിക്കാനും എഴുതാനും സംസാരിക്കാനുമുള്ളശേഷി വികസിപ്പിക്കുക | * ഇംഗ്ലീഷ് അസംബ്ലി<br>ആഴ്ചയിൽ രണ്ട് ദിവസം കുട്ടികൾ തന്നെ ഇംഗ്ലീഷിൽ അസംബ്ലി കൈകാര്യം ചെയ്യുക.അധ്യാപകർ കാര്യങ്ങൾഇംഗ്ലീഷിൽ വിശദീകരിക്കുക.ഓരോ ക്ലാസുകൾക്കും ചുമതലകൾ നൽകുക | ആഴ്ചയിൽ 2 ദിസം | Teachers | P.T.A | |
| | * ഇംഗ്ലീഷ് കേൾക്കാം<br>ഐ.സി.ടി.സാധ്യത ഉപയോഗപ്പെടുത്തി ധാരാളം ഇംഗ്ലീഷ് കഥകളും കവിതകളും കേൾക്കാനും ആസ്വദിക്കാനും അവസരമൊരുക്കുന്നു. | ആഴ്ചയിൽ 5 ദിസം | Teachers | S.S.A<br>P.T.A | |
| | * ഇംഗ്ലീഷ് ഭാഷാ പഠം ഇംഗ്ലീഷിൽതന്നെ<br>ഇംഗ്ലീഷ് പിരീയഡുകളിൽ ആശയവിനിമയം പൂർണ്ണമായും ഇംഗ്ലീഷിൽതന്നെ നടത്തുക. | ആഴ്ചയിൽ 5 ദിസം | Teachers | P.T.A | |
| | * ഇംഗ്ലീഷ് റേഡിയോ<br>ഉച്ചക്ക് 1.30 മുതൽ 2 മണി വരെ സ്കൂൾ റേഡിയോയിൽ ചൊവ്വ വ്യാഴം ദിവസങ്ങളിൽ കുട്ടികളുടെ പൂർണ്ണ പങ്കാളിത്തത്തോടെ പരിപാടികൾ പ്രക്ഷേപണം ചെയ്യുന്നു. | ആഴ്ചയിൽ 2 ദിസം | P.T.A<br>Teachers | P.T.A | |
| | * ഇംഗ്ലീഷ് ഡയറി<br>ഓരോ ദിവസവും വിദ്യാലയത്തിലും വീട്ടിലും നടക്കുന്ന സംഭവങ്ങളുടെചുരുക്കം ഇംഗ്ലീഷ് ഡയറിയിൽ എഴുതുക | ആഴ്ചയിൽ 5 ദിസം | Teacher | P.T.A | |

| | | | | | |
|---|---|---|---|---|---|
| | * ദിനാചരണങ്ങൾ (ഇംഗ്ലീഷ്) ഇംഗ്ലീഷ് ക്ലബ്ബിന്റെ ആഭിമുഖ്യത്തിൽ ദിനാചരണങ്ങൾ,ക്ലാസ് റൂം പ്രവർത്തനങ്ങളുമായിബന്ധിപ്പിച്ചുകൊണ്ട്നടത്തുന്നു.പ്രമുഖ വ്യക്തിത്വങ്ങളെ കുറിച്ച് ഇംഗ്ലീഷിൽ പറയാൻ അവസരം നൽകുന്നു. | 1 വർഷം | Teacher | P.T.A | |
| | * പ്രദർശന ബോർഡുകൾ ഓരോ ക്ലാസ്സിലും ഇംഗ്ലീഷ് പ്രദർശന ബോർഡുകൾസ്ഥാപിക്കുന്നു. | | P.T.A | P.T.A | |
| | * ക്ലാസ്സ് റൂം ലൈബ്രറി ലൈബ്രറിയിൽ ഇംഗ്ലീഷ് പുസ്തകങ്ങൾകൂടി ഉൾപ്പെടുത്തി വായനക്ക് അവസരം സൃഷ്ടിക്കുന്നു വായിക്കാൻ പറ്റാത്ത വാക്കുകൾകണ്ടെത്തി എഴുതുന്നു.അധ്യാപകന്റെ സഹായത്തോടെവായിക്കുന്നു.3,4ക്ലാസ്സിലെകുട്ടികൾ വായനാക്കുറിപ്പുകൾതയ്യാറാക്കുന്നു.. | | Teacher | P.T.A | |
| | * ഇംഗ്ലീഷ് വർക്ക് ഷീറ്റ് നിർമ്മാണം ഒന്നാം ടേം മൂല്യ നിർണ്ണയത്തിന് ശേഷം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്കായി വർക്ക് ഷീറ്റുകൾതയ്യാറാക്കി നൽകുന്നു.ഫലപ്രദമായിഉപയോഗിക്കുന്നുവെന്ന് ഉറപ്പുവരുത്തുന്നു.വിലയിരുത്തൽ നടത്തി ഫീഡ് ബാക്ക് എസ്.ആർ.ജിയിൽഅവതരിപ്പിക്കുന്നു. | ആഗസ്റ്റ് , സപ്തംബർ | Teacher | P.T.A | |

# Master Plan For Differently Abled Children

Duration : 3 Months

January to March

Intervention, Identification

Diagnosis Specification

Special attention

RAPPORT < RT and children
Children &Children

Duration : 6 Months

Academic Level

- To understand alphabet in
  - Malayalam
  - English
- To give practice reading
  - Letters in each language
    Name → Person, family members
  - School, subject etc.
  - Sign boards, bus station
  - One sentence – Small paragraph
- To give practice for writing
  - Name, House address
  - List of stationery items
  - List of house hold items etc.
- To give practice to think
  - Mental Maths in
  - Addition
    ↓
    Subtraction
  - Exercise
- To give relaxation
  - Breath exercise
  - Yoga
- To improve intellectual capacity
  - Brain Jin
  - Cross Crawl
  - Double doodle
- To improve co-operation
  - Inclusive education

Extra Curricular Activities

Identification of student's aptitude such as drawing,Painting,Singing etc.

Focus → Parents and family members

Duration - every month

Once in a month

- Awareness Program
- Parental Consulting
- Co-operation of siblings
- Metering and monitoring

## Facilities in school

Duration in one year

* Resource room
* Adaptation toilet
* Ramp
* Wheel chair

Vocational Training

Girls

* Sewing Machine
* Ornaments making
* Flower making
* Fabric paint

Boys

* Carry bag-Paper bag making
* How to manage a shop
* How to prepare or drinks etc.

Good bye illiteracy

Duration 5 year

- Bur rice free environment for differently abled children

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലയളവ് | ചുമതല | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| 1 | അറബി ഭാഷയുടെആവശ്യകത | അറബി ഭാഷയിലുള്ള ഗ്രന്ഥങ്ങളുംപുസ്തകങ്ങളും പരിചയപ്പെടുത്തുക | ജനുവരി, മാർച്ച് | അറബി അധ്യാപകൻ | 2000/- |
| 2 | അറബി ഭാഷയിൽ കുട്ടികൾക്ക് അഭിരുചി വളർത്തുക | അറബി ഭാഷാ പ്രാധാന്യം,ചരിത്രങ്ങൾ,കവിതകൾ ഇവ പരിചയപ്പെടുത്തുക | ജൂൺ | അറബി അധ്യാപകൻ | 2000/- |
| 3 | അറബി അക്ഷര പഠനം | അക്ഷരകാർഡുകൾ നൽകി ഓരോ കുട്ടിയേയും അടുത്ത് വിളിച്ച് അക്ഷരങ്ങൾ പരിചയപ്പെടുത്തുക | ജൂലൈ ആഗസ്റ്റ് | അറബി അധ്യാപകൻ | 1000/- |
| 4 | അറബി അക്ഷര പഠനത്തിനുള്ള പിന്നോക്കാവസ്ഥ | പ്രീ ടെസ്റ്റ് നടത്തുക, മൂല്യനിർണ്ണയം നടത്തുക,റിസൽട്ട് രേഖപ്പെടുത്തുക,അക്ഷരങ്ങൾ ഉറപ്പിക്കുന്ന വാക്കുകൾ എഴുതിപ്പിക്കുക | സപ്തംബർ | അറബി അധ്യാപകൻ | |
| 5 | തെറ്റ് കൂടാതെയുള്ള വായന | വായനഅറിയുന്ന കുട്ടികളെ വെച്ച് വായനഅറിയാത്തവരെ പരിശീലിപ്പിക്കുക | സപ്തംബർ ഒക്ടോബർ | അറബി അധ്യാപകൻ വിദ്യാർത്ഥികൾ | |
| 6 | എഴുത്ത് പരിശീലനം | തെറ്റ് കൂടാതെഎഴുതി പഠിപ്പിക്കുക, കൈപുസ്തകങ്ങൾനൽകുക | ഒക്ടോബർ നവംബർ ഡിസംബർ | അറബി അധ്യാപകൻ | |
| 7 | വാക്കുകൾ സ്വന്തമായിഎഴുതുവാൻ പരിശീലിപ്പിക്കുക | ഇതിനായി കേട്ടെഴുത്ത് നടത്തുകയും, വസ്തുവിന്റെ പേരും മറ്റും എഴുതിപ്പിക്കുകയും ചെയ്യുക | ജനുവരി ഫിബ്രവരി | അറബി അധ്യാപകൻ | |

| | | | | | |
|---|---|---|---|---|---|
| | * ഇംഗ്ലീഷ് ഫെസ്റ്റ്<br>മൂന്ന് മാസം കൂടുമ്പാൾഫെസ്റ്റ് നടത്തുന്നു. കുട്ടികളുടെ കഴിവുകൾ പ്രകടമാക്കുന്നു. Rhyms, Speech, Story, Converstion,Skit തുടങ്ങിയവ ഉൾപ്പെടുത്തി പൂർണ്ണ പങ്കാളിത്തംഉറപ്പാക്കുന്നു<br><br>* ഇംഗ്ലീഷ് കൈയ്യെഴുത്ത് മാസിക<br>ജൂൺ മാസം മുതൽതയ്യാറാക്കുന്ന കുട്ടികളുടെ ഉൽപന്നങ്ങൾ ശേഖരിച്ച് ഒരു മികച്ച കൈയ്യെഴുത്ത് മാസികയാക്കി പൊതുചടങ്ങിൽ പ്രകാശനംചെയ്യുന്നു.<br><br>* ഇംഗ്ലീഷ് പ്രശ്നോത്തരി<br>അാസാദ്യംതന്നെ ചോദ്യങ്ങൾ ചാർട്ടിൽ എഴുതി പ്രദർശിപ്പിക്കുന്നു.ഉത്തരങ്ങൾ കുട്ടികൾ കണ്ടെത്തുന്നു.മാസത്തിന്റെ അവസാനത്തെ ദിവസം പ്രശ്നോത്തരി നടത്തുന്നു.എല്ലാ മാസവും ഇത് തുടരുന്നു.<br><br>* ഇംഗ്ലീഷ് അഭിമുഖം<br>ഏതെങ്കിലുമൊരു വ്യക്തിയുമായി ഇംഗ്ലീഷിൽ അഭിമുഖം നടത്തുന്നു.<br>Teacher/Docter/Business Man/ ഉന്നത ജോലിക്കാർ | | | | |

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലാവധി | ചുമതല | സാമ്പത്തികം |
|---|---|---|---|---|---|
| 1 | എല്ലാകുട്ടികൾക്കും വായിക്കാൻ കഴിയുക | കഥാ പുസ്തകം<br>കവിതാ പുസ്തകം<br>ക്വിസ് പുസ്തകം<br><br>പുസ്തകം ക്ലാസ്സിൽ വായിക്കാൻ<br>വായിച്ചത് എഴുതുക<br><br><u>എഴുത്ത്</u><br>ക്ലാസ് മാഗസിൻ,<br>ചുമർചാർട്ട്,<br>വായന കാർഡ്<br><br><u>മത്സരം</u><br>പദ നിർമ്മാണം<br>ക്വിസ്<br>കളറിംങ്ങ്<br>കഥ പറയൽ<br>ഖുർ ആൻ പാരായണം<br>ആംഗ്യപാട്ട്<br>കഥ പൂരിപ്പിക്കൽ<br><br><u>അറബി സ്കൂൾ അസംബ്ലി</u><br>ആഴ്ചയിൽഒന്ന് | ജൂൺ മുതൽ മാർച്ച് | | |

മേഖല അക്കാദമികം

ഉപമേഖല പൊതുവിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും പൊതു വിജ്ഞാന പഠനത്തിലൂടെ അറിവ് നേടുന്നതിനും പൊതുവിജ്ഞാന പഠനത്തിൽ താൽപര്യം വർധിപ്പിച്ച് മത്സര പരീക്ഷയ്ക്ക് സജ്ജമാക്കുന്നതിനും | 1 മുതൽ 4വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് പൊതുവിജ്ഞാനപഠനത്തിൽ GK 100 എന്ന പൊതുവിജ്ഞാന പാഠപുസ്തകം തയ്യാറാക്കി നൽകുന്നു.പഠനത്തിനായി പിരിയഡ് മാറ്റി വെക്കുന്നു | ജൂൺ മാർച്ച് | S.R.U ചുമതലപ്പെട്ട അധ്യാപകർ<br>ക്ലാസ് ടീച്ചർ | 20000 |
| | GK ലൈബ്രറി<br>GK പഠനത്തിനുതകുന്ന പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറി സജ്ജമാക്കുന്നു. | ആഗസ്ത് | PTA<br>S.R.G<br>H.M<br>S.S.G | 10000 |
| | എല്ലാക്ലാസിലും GK കോർണർ ഒരുക്കുന്നു( പഠന സാമഗ്രികൾ,ചോദ്യങ്ങൾ, ബുക്സ്) | ജൂലൈ ആദ്യ വാരം | ക്ലാസ് ടീച്ചർ | 2000 |
| | ദിനാചരണത്തോടനുബന്ധിച്ച് പ്രധാന ചോദ്യങ്ങളും ഉത്തരങ്ങളും ഉൾപ്പെടുത്തി GKബോർഡ്സ്കൂളിൽ സ്ഥാപിക്കിന്നു. | ദിനാചരണത്തോടനുബന്ധിച്ച് | വ്യത്യസ്ത ക്ലാസുകൾ<br>ക്ലാസ് ടീച്ചർമാർ | 1000 |

മേഖല : അക്കാദമികം

ഉപമേഖല : പൊതുവിജ്ഞാനം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും പൊതുവിജ്ഞാന പഠനത്തിലൂടെ അറിവ് നേടുന്നതിനും പൊതുവിജ്ഞാന പഠനത്തിൽ താൽപര്യം വർധിപ്പിച്ച് മത്സര പരീക്ഷയ്ക്ക് സജ്ജമാക്കുന്നതിനും | 1 മുതൽ 4വരെയുള്ള ക്ലാസുകളിലെ കുട്ടികൾക്ക് പൊതുവിജ്ഞാനപഠനത്തിൽ GK 100 എന്ന പൊതുവിജ്ഞാന പാഠപുസ്തകം തയ്യാറാക്കി നൽകുന്നു.പഠനത്തിനായി പിരിയഡ് മാറ്റി വെക്കുന്നു | ജൂൺ മാർച്ച് | S.R.U ചുമതലപ്പെട്ട അധ്യാപകർ<br>ക്ലാസ് ടീച്ചർ | 20000 |
| | GK ലൈബ്രറി<br>GK പഠനത്തിനുതകുന്ന പുസ്തകങ്ങൾ ശേഖരിച്ച് ലൈബ്രറി സജ്ജമാക്കുന്നു. | ആഗസ്ത് | PTA<br>S.R.G<br>H.M<br>S.S.G | 10000 |
| | എല്ലാക്ലാസിലും GKകോർണർ ഒരുക്കുന്നു( പഠന സാമഗ്രികൾ,ചോദ്യങ്ങൾ, ബുക്സ്) | ജൂലൈ ആദ്യ വാരം | ക്ലാസ് ടീച്ചർ | 2000 |
| | ദിനാചരണത്തോടനുബന്ധിച്ച് പ്രധാന ചോദ്യങ്ങളും ഉത്തരങ്ങളും ഉൾപ്പെടുത്തി GKബോർഡ്സ്കൂളിൽ സ്ഥാപിക്കിന്നു. | ദിനാചരണത്തോടനുബന്ധിച്ച് | വ്യത്യസ്ത ക്ലാസുകൾ<br>ക്ലാസ് ടീച്ചർമാർ | 1000 |

| പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|
| ഓരോ ക്ലാസിനും ഓരോ പത്രം പദ്ധതി.പത്രത്തിലെ പ്രധാന സംഭവങ്ങൾ എഴുതി സൂക്ഷിച്ച് പൊതുവിജ്ഞാന പഠനത്തിന് സഹായകമേകുന്നു. | അധ്യയന വർഷാരംഭം മുതൽ | S.S.U<br>S.R.U<br>H.M | 10000 |
| അസംബ്ലിയിൽ പത്ര വാർത്തയെ ആസ്പദമാക്കി ഒരുചോദ്യം ഉൾപ്പെടുത്തുന്നു.വിജയിക്ക് ഉടൻ സമ്മാനം | ആഴ്ചയിൽ 2 ദിവസം | H.M | 500 |
| ക്വിസ് മത്സരങ്ങൾ മാസത്തിൽ ഒന്ന്. | മാസം തോറും | ചുമതലയുള്ള അധ്യാപകർ | |
| എല്ലാ ക്ലാസിലും ദിവസം ഒരു ചോദ്യം.GKകലണ്ടർ ഒരുക്കുന്നു. | ദൈനംദിനം | ക്ലാസ് ടീച്ചർ | |
| GK വർക്ക്ഷീറ്റ് നൽകിയചോദ്യങ്ങളുടെ ഉത്തരം അന്വേഷിച്ച് കണ്ടെത്തുക.വിജയികൾക്ക് സമ്മാനം. | ഒരു ടേമിൽ ഒരു തവണ | ചുമതലപ്പെട്ട അധ്യാപകർ | 1000 |
| ടേം പരീക്ഷ നിർബന്ധമാക്കുന്നു.ഓരോ ടേമിലും QUESTION PAPER നൽകി പരീക്ഷ നടത്തുന്നു. | ടേമിൽ ഒരു തവണ | ക്ലാസ് ടീച്ചർ | 1000 |

മേഖല അക്കാദമികം

## വ്യക്തിത്വ വികാസവും മൂല്യബോധവും

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ക്ഷമ, അച്ചടക്കം,ബഹുമാനം തുടങ്ങിയ മൂല്യങ്ങൾ ഉണ്ടാക്കൽ | മഹാന്മാരെ പരിചയപ്പെടാം(ഗ്രൂപ്പിൽ പുസ്തകങ്ങൾ നൽകൽ)കഥ പറയാം,നാടകം കളിക്കാം,ഗുണപാഠ കഥകൾ,പഞ്ചതന്ത്രം,ഈസോപ്പ് കഥകൾ,പുരാണ കഥകൾ അവതരണം | ആഴ്ചയിൽ 1ദിവസം<br>1 വർഷം | ക്ലാസ് ടീച്ചർ | |
| കുട്ടികളിൽ ദയ, അർപ്പണ മനോഭാവം വളർത്തൽ | സഹജീവി സ്നേഹം | ഭിന്നശേഷിക്കാരെ സഹായിക്കാൻ ഗൃഹസന്ദർശനം, പഠന പിന്തുണ | | |
| കുട്ടികളിൽ ബഹുമുഖ വ്യക്തിത്വം വളർത്തൽ | നയിക്കാം | ക്ലാസ് ലീഡർ,ബാലസഭ,ഗ്രൂപ്പ് ലീഡർ,സർവ്വെ,പൂന്തോട്ട നിർമാണം, പച്ചക്കറി നിർമാണം | വർഷത്തിലൊരിക്കൽ | |

മേഖല : അക്കാദമികം വിഷയം : കലാ കായികം

ഉപമേഖല : സർഗാത്മക ശേഷിയുടെ വികാസം

പ്രവർത്തനം : ആടാം പാടാം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | ചുമതല | കാലം | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| പാടാനും പറയാനും അഭിനയിക്കാനും കഴിയുന്ന പ്രതിഭകളെ കണ്ടെത്തുകയും മറ്റുള്ളവർക്ക് ആസ്വദിക്കാൻ അവസരമൊരുക്കുകയും ചെയ്യുക. | ✶ സാഹിത്യ സമാജങ്ങളിലൂടെ കണ്ടെത്തിയ പ്രതിഭകളെകൂടി ഉൾപ്പെടുത്തി ബാലസഭ രൂപീകരണം.<br>✶ ICT സാധ്യതകൾ ഉപയോഗിച്ച് ലളിതമായ കഥകൾ, പാട്ടുകൾ നാടകങ്ങൾ തുടങ്ങിയവ കാണാൻ അവസരം.<br>✶ മാസത്തിലൊരിക്കൽ ബാലസഭ ചേരൽ.<br>✶ നാടകക്കളരി സംഘടിപ്പിക്കൽ<br>✶ വിരൽപ്പാവ നാടകം പാവ നാടകം മുഖം മൂടി ഉപയോഗിച്ച് നാടകം തുടങ്ങിയവയുടെ അവതരണം.<br>✶ മാസത്തിലൊരിക്കൽ ക്ലാസ് തല സാഹിത്യ സമാജങ്ങൾ നടത്തുക. | ക്ലാസ് ടീച്ചർ<br>ആർട്സ് ക്ലബ്<br>രക്ഷിതാക്കൾ | ജൂലായ് - മാർച്ച് | SRG<br>പൂർവ്വ വിദ്യാർഥികൾ | |

പേര് : ചിത്ര രചനാ കളരി

മേഖല : അക്കാദമികം, ഉപമേഖല : കലാവിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികൾക്ക് ചിത്രരചനയിൽ പ്രാവീണ്യം നേടൽ | അവധി ദിവസങ്ങളിൽ 4 ദിവസം നീണ്ടു നിൽക്കുന്ന ചിത്രരചനാ പരിശീലനം | 4 അവധി ദിനങ്ങൾ | | പൂർവ്വ വിദ്യാർത്ഥികൾ സന്നദ്ധ സംഘടനകൾ ക്ലബുകൾ |

മേഖല : അക്കാദമികം ഉപമേഖല : കലാവിദ്യാഭ്യാസം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കലാവാസനകൾക്ക് പരിപോഷണം | നൃത്തം സംഗീതം തുടങ്ങിയ കലകളുടെ പരിശീലനത്തിനായി അവധി ദിവസങ്ങളിൽ വിദഗ്ധരുടെ പരിശീലനം camp കൾ സംഘടിപ്പിക്കുക, വേദികൾ ഒരുക്കുക | അവധി ദിവസങ്ങളിൽ | ആർട്സ് ക്ലബ് ചാർജ് വഹിക്കുന്ന അധ്യാപകർ | |

| പേര് കായിക പരിശീലനം, മേഖല/ഉപമേഖല അക്കാദമികം/കായിക വിദ്യ ഭ്യാസം | | | | | |
|---|---|---|---|---|---|
| ക്രമനമ്പർ | ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത വിശക |
| 1 | കായിക പരിശീലനം കാര്യക്ഷമമാക്കൽ, മേളകളിൽ പങ്കെടുത്ത് മികച്ച പ്രകടനം കാഴ്ചവെക്കൽ | വൈകുന്നേരം കുട്ടികൾക്ക് കായിക പരിഷീലനം വിദഗ്ധരായ കായിക അധ്യാപകരെ ഉൾപ്പെടുത്തി വിവിധ വ്യായാമമുറകൾ പരിചയപ്പെടുത്തുന്നു.മത്സരഇനങ്ങളിൽ പങ്കെടുക്കാൻ പ്രാപ്തരാക്കുന്നു. സ്കൂളിൽ കായിക മത്സരം സംഘടിപ്പിക്കുന്നു. ഉപജില്ലാതല മത്സരങ്ങളിൽ പങ്കെടുക്കുന്നു നേട്ടങ്ങൾ കൈവരിക്കുന്നു. | സെപ്തംബർ മുതൽ ഡിസംബർ വരെ | കായികചുമതലയുള്ള അധ്യാപകൻ PTA HM (കായിക അധ്യാപകന്റെ ക്ലാസുകൾ) | PTA പഞ്ചായത BRC |

മേഖല :കലാ കായികം

പ്രവർത്തനം :സംഗീതപരിശീലനം

<u>പ്രശ്നം</u> : ഉപകരണങ്ങളുടെയും,സൗകര്യവും സമയും കുറവ്.

| കാരണങ്ങൾ | പരിഹാരങ്ങൾ | പ്രവർത്തനം |
|---|---|---|
| <u>കുട്ടി</u><br>ഉപകരണങ്ങൾ കാണാനും പഠിക്കാനുമുള്ളസാഹചര്യംകുട്ടിയ്ക്ക് ലഭിക്കുന്നില്ല.<br>കുട്ടികൾക്ക് സംഗീതത്തിൽ ആവശ്യമായ അറിവില്ല. | സ്കൂളിൽ ആവശ്യമായ ഉപകരണങ്ങൾ നൽകുക.<br>കുട്ടികൾക്ക് സംഗീതം പഠിക്കാനുള്ള സാഹചര്യം സൃഷ്ടിക്കുക. | നിരന്തരമായിപരിശീലനം നൽകുക.<br>ക്യാമ്പുകൾ സംഘടിപ്പിക്കുക. |
| <u>ടീച്ചർ</u><br>സമയക്കുറവ് – പഠിപ്പിക്കാനുള്ള സമയം ലഭിക്കണം.<br>വിഷയത്തെക്കുറിച്ച് കൂടുതൽ അറിയാനുള്ള സമയം കണ്ടെത്തണം. | ആവശ്യമായ പിരീഡുകൾ നൽകുക<br>കൃത്യമായ ടൈം ടേബിൾ ഉണ്ടാക്കുക. | കരോക്കെ സി.ഡി.വെച്ച് പ്രാക്റ്റീസ് ചെയ്യിക്കുക.വേദി ഒരുക്കുക.<br>വരികൾ നന്നായി ട്യൂൺ ചെയ്യിക്കുക. |
| <u>രക്ഷിതാവ്</u><br>ആവശ്യമായ പ്രോത്സാഹനം ലഭിക്കുന്നില്ല.അവസരം സൃഷ്ടിക്കുന്നില്ല. | | |
| <u>സംവിധാനം</u><br>സംഗീത ഉപകരണങ്ങളെ പരിചയപ്പെടുത്താനും പഠിക്കാനുമുള്ള സാഹചര്യം ഉണ്ടാക്കുക.<br>സംഗീത ക്യാമ്പുകൾ സംഘടിപ്പിക്കുക.വേദി ഒരുക്കുക. | | |

പേര് : കിഡ്സ് പാർക്ക്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ആരോഗ്യ കായിക വിനോദ ഉപാധി ഒരുക്കൽ | പ്രധാന മന്ദിരത്തിന് മുന്നിലുള്ള മുറ്റത്ത് കിഡ്സ് പാർക്ക് ഒരുക്കൽ | 2 വർഷം | PTA<br>S.S.G<br>അധ്യാപകർ<br>മാനേജർ | മാനേജർ<br>സ്പോൺസർ |

പ്രവർത്തനത്തിന്റെ പേര് : വാഹന ഷെഡ്

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| സുരക്ഷിതമായ വാഹന പാർക്കിംഗ് | പുതിയ കെട്ടിടത്തിന് മുൻവശം | 1 വർഷം | PTA<br>മാനേജർ<br>അധ്യാപകർ | 2ലക്ഷം |

പേര് : ഡൈനിംഗ് ഹാൾ

മേഖല : ഭൗതികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തി |
|---|---|---|---|---|
| ശുചിത്വം+ആരോഗ്യം പഠനം | സൗകര്യപ്രദമായ സ്ഥലത്ത് ആകർഷകമായ രീതിയിൽ ഡൈനിംഗ് ഹാൾ ഒരുക്കൽ | 2 വർഷം | PTA<br>മാനേജർ<br>അധ്യാപകർ | 5 ലക്ഷം |

## ഐ.ഇ.ഡി

പ്രത്യേക ആവശ്യങ്ങളുള്ള കുട്ടികളെ വിദ്യാഭ്യാസത്തിന്റെ പൊതുധാരയിൽ കൊണ്ടു വരുന്നതിനുള്ള പ്രവർത്തനങ്ങൾക്ക് വളരെ കാലത്തെ ചരിത്രമുണ്ട്.സാരമോ,നിസാരമോ ആയ പ്രശ്ന ങ്ങളുടെ പേരിൽ ഇത്തരം കുട്ടികൾക്ക് അവകാശങ്ങളും അവസരങ്ങളും നിഷേധിച്ചുകൂടാ.വേണ്ട സമ യത്ത് തന്നെ സഹായങ്ങൾ കുട്ടിക്ക് ലഭ്യമാക്കുന്നതിലൂടെ പരിമിതികൾ നല്ലൊരു പരിധിവരെ മിറകട ക്കാൻ കഴിയും.പ്രത്യേക സഹായം ആവശ്യമായ കുട്ടികൾക്ക് വളരെ സഹായകരമായ വിധത്തിലുള്ള വിദ്യാഭ്യസ അന്തരീക്ഷമാണ് ഇപ്പോൾ നിലവിലുള്ളത്,എന്നാൽ പിന്തിരിഞ്ഞുനോക്കുമ്പോൾ ഇത്തരം വ്യക്തികൾ യാതനകളുടേയും കഷ്ടപ്പാടിന്റേയും തീച്ചൂളകൾ താണ്ടിയാണ് ഇന്നത്തെ അന്തരീക്ഷ ത്തിൽ എത്തിച്ചേർന്നതെന്ന് മനസിലാക്കാൻ സാധിക്കും.

പഠന പരിമിതി നേരിടുന്ന കുട്ടികൾക്ക് വേണ്ടി ക്ലാസുകളിൽ ആകർഷകങ്ങളായ പഠന സാമഗ്രികൾ ഉപയോഗിട്ടും മൂർത്ത വസ്തുക്കൾ ഉപയോഗിച്ചും പ്രവർത്തനങ്ങൾ നൽകാറുണ്ട്. കുട്ടികൾക്ക് കഴിവ് തെളിയിക്കാനുള്ള അവസരങ്ങൾ ലഭ്യമാക്കുന്നതിന്റെ ഭാഗമായി കായികപരിശീല നം,ചിത്രകല,കളറിംഗ്തുടങ്ങിയവ നടത്താൻ കഴിഞ്ഞു.കഴിഞ്ഞ വർഷം നടത്തിയ കലാമേളയിൽ ഒന്നാം സ്ഥാനം ലഭിച്ചത് ചെറുവണ്ണൂർ എ.എൽ.പി.സ്കൂളിനാണ്.ശാരീരിക പരിമിതികളെ മറികടന്ന് ഗവൺമെന്റ് ജീവനം വരെ എത്താൻ കഴിഞ്ഞ പൂർവ്വ വിദ്യാർത്ഥികൾ ഈ വിദ്യാലയത്തിന് മുതൽക്കൂ ട്ടായുണ്ട്.

ശാരീരികവും ബുദ്ധിപരവവുമായി അതിതീവ്ര പരിമിതികൾ മൂലം വിദ്യാലയത്തിലെത്തിച്ചേ രാൻ കഴിയാത്ത കുട്ടികൾക്കും സേവനം ഉറപ്പ് വരുത്തേണ്ടതുണ്ട്.ആഴ്ചയിൽ ഒരു ദിവസം ഈ കുട്ടിക ളുടെ വീടുകളിൽച്ചെന്ന് കുട്ടിക്ക് ആവശ്യമായ അക്കാദമികവും,സാമൂഹ്യ ജീവിത നൈപുണിയിലുള്ള പരിശീലനങ്ങളും BRCതലത്തിൽ നടക്കുന്നുണ്ട്.ഇതിന്റെ ഭാഗമായി നടത്തിയ ചങ്ങാതിക്കൂട്ടം പരിപാടി ഈ വിദ്യാലയത്തിലെ അല്ലുമിർവായീസിന്റെ വീട്ടിലാണ് ഉദ്ഘാടനം ചെയ്യപ്പെട്ടത്.പഞ്ചായത്ത് പരിധി യിലുള്ള 5 കുട്ടികൾക്കുള്ള ഫിസിയോതെറാപ്പി ചികിത്സ ഈ വീട്ടിൽവെച്ച് നടത്തപ്പെടുന്നു. കഥകൾ കേൾക്കാനുള്ള താല്പര്യം കണക്കിലെടുത്ത് 100 പുസതകങ്ങൾ അടങ്ങുന്ന ഒരു ലൈബ്രറി ശേഖരവും അലമാരയും സംഭാവന ചെയ്യാൻ തീരുമാനിച്ചു.

## ഉച്ചഭക്ഷണം

വിപുലമായ കമ്മറ്റിയാണ് ഉച്ചഭക്ഷണപരിപാടിക്ക് നേതൃത്വം നൽകുന്നത്.നമ്മുടെ വിദ്യാലയ ത്തിൽ നിന്ന് 508 ഓളം കുട്ടികളാണ് ഉച്ചഭക്ഷണം കഴിക്കുന്നത്.വൈവിധ്യമായ വിഭവങ്ങൾ നൽകാൻ കഴിയുന്നുണ്ട്.മെനു ചാർട്ട് എല്ലാ ക്ലാസുകളിലും പ്രദർശിപ്പിച്ചിട്ടിണ്ട്.എല്ലാ കുട്ടികൾക്കും പ്രഭാത ഭക്ഷണം നൽകുന്നു.എല്ലാ മാസവും ഒന്നാമത്തെ തിങ്കളാഴ്ച നെയ്ച്ചോറും കോഴിക്കറിയും രണ്ടാമത്തേ യും,നാലാമത്തേയും വ്യാഴാഴ്ച പാൽപ്പായസവും നൽകുന്നു.

സ്വാദിഷ്ടമായ ഭക്ഷണം തയ്യാറാക്കാൻ 2 പാചകക്കാർ ഉണ്ട്.മുഴുവൻ കുട്ടികൾക്കും തിളപ്പി ച്ചാറിയ വെള്ളം ലഭ്യമാക്കുന്ന തരത്തിൽ ഓരോ കെട്ടിടത്തിന് സമീപവും ടാപ്പുള്ള പാത്രങ്ങൾ സജ്ജീ കരിച്ചിരിക്കുന്നു.ഇതോടൊപ്പം പൊതുജനങ്ങളുടെ സൗകര്യാർഥം പ്രധാന കവാ ടത്തിലും റോഡരി കിലും കുടിവെള്ളം സജ്ജീകരിച്ചിരിക്കുന്നു.

പേര് : പൂർവ വിദ്യാർത്ഥി സംഗമങ്ങൾ

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | വിവിധ ബാച്ചുകളായി പൂർവ വിദ്യാർത്ഥി സംഗമം വിളിച്ചു ചേർക്കൽ.അവരുടെ മുമ്പിൽ വിദ്യാലയത്തിന്റെ ആവശ്യങ്ങൾ അവതരിപ്പിക്കൽ/ഫണ്ട് സമാഹരിക്കൽ | വർഷത്തിൽ 2 പ്രാവശ്യം | എസ്.എസ്.ജി. ഒ.എസ്.എ | 5000 ഒ.എസ്.എ |

പ്രവർത്തനം, പേര് : പൂർവ്വാധ്യാപക സംഗമം

മേഖല : സാമൂഹികം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തിക |
|---|---|---|---|---|
| സമൂഹ പങ്കാളിത്തം ഉറപ്പാക്കൽ | അധ്യാപക ഹാജർ ബുക്ക് പരിശോധിച്ച് പൂർവ്വാധ്യാപകരെ വിളിച്ച് ചേർത്ത് സമിതി രൂപീകരിക്കൽ | 2 വർഷത്തിലൊരിക്കൽ | സ്റ്റാഫ് കൗൺസിൽ | 10000/ (സ്റ്റാഫ് ഫണ്ട് |

മേഖല : സാമൂഹികം

പ്രവർത്തനം: സി.പി.ടി.എ ശാക്തീകരണം

| ക്രമ നമ്പർ | ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | പിന്തുണ |
|---|---|---|---|---|
| 1 | ക്ലാസ് PTA സജീവമാക്കൽ | CPTA അംഗങ്ങളുടെ ക്ലബ് ഉണ്ടാക്കൽ. വീട്ടിൽ CPTA ഓരോ പ്രദേശത്തും ഉള്ള രക്ഷിതാക്കൾക്ക് സൗകര്യപ്രദമായ ഒരു വീട്ടിൽCPTA നടത്തുന്നു. CPTAഎന്ത്? എന്തിന് ബോധവത്കരണ ക്ലാസ്. CPTAഅംഗങ്ങളെ ഉൾപ്പെടുത്തി പഠന യാത്രകൾ CPTAഅംഗങ്ങൾക്ക് ലൈബ്രറി പുസ്തക വിതരണം CPTA അംഗങ്ങളുടെ രചനകൾ ഉൾപ്പെടുത്തി പതിപ്പ് നിർമാണം CPTAഅംഗങ്ങളെ ഉൾപ്പടുത്തി കുട്ടികളുടെ ഗൃഹസന്ദർ ശനം CPTAഅംഗങ്ങളുടെ പ്രാദേശിക പച്ചക്കറിത്തോട്ട നിർമാണം | 4 മാസം<br>ആഗസ്ത്<br>നവംബർ | H.M<br>PTA<br>CPTA<br>ക്ലാസ് ടീച്ചർ |

| പേര് | മെഡിക്കൽ ക്യാമ്പ് | മേഖല | അക്കാദമിക് | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്ത കലനം |
| ആരോഗ്യമുള്ള സമൂഹത്തെ രൂപപ്പെടുത്തൽ | വർഷത്തിൽ ഒരു പ്രാവശ്യം കുട്ടികൾക്കും രക്ഷിതാക്കൾക്കും സമഗ്രമായ വൈദ്യ പരിശോധന നടത്തൽ | വർഷത്തിൽ ഒന്നു വീതം | HM<br>PTA<br>ഹൽത്ത് ക്ലബ്<br>PHC | 2500 |

**പേര് : കായിക പരിശീലനം**
**മേഖല : അക്കാദമികം**
**ഉപമേഖല : കായിക വിദ്യാഭ്യാസം**

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ |
|---|---|---|---|---|
| കായിക പരിശീലനം കാര്യക്ഷമമാക്കൽ | രാവിലെയും വൈകുന്നേരവും കുട്ടികൾക്ക് പരിശീലനം നൽകുന്നു കുട്ടികൾക്ക് ലഘുഭക്ഷണം നൽകൽ | ആഴ്ചയിൽ 1 ദിവസം | PTA<br>ക്ലാസ് ടീച്ചർ<br>ആരോഗ്യ ചാർജ് അധ്യാപകർ | |

| പേര് | കായിക താരങ്ങൾക്ക് സമ്മാനങ്ങൾ | | | |
|---|---|---|---|---|
| മേഖല | അക്കാദമികം ഉപമേഖല കായികവിദ്യാഭ്യാസം | | | |
| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പ |
| സമ്മാനങ്ങൾ നൽകി ആദരിക്കൽ | സ്കൂൾ തലം,പഞ്ചായത്ത് തലം ഉപജില്ലാ തലം മത്സരങ്ങളിൽ വിജയം കൈവരിച്ച കുട്ടികളെ അഭിനന്ദിക്കുന്നു.സമ്മാനങ്ങൾ നൽകുന്നു | ഓരോ തലത്തിലേയും മത്സരങ്ങൾക്കുശേഷം | ചാർജുള്ള അധ്യാപകൻ | |

പ്രവർത്തനം

പേര് പ്രഭാത ഭക്ഷണം മേഖല സമഗ്ര വികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| എല്ലാ കുട്ടികൾക്കും ഉന്മേഷത്തോടെ ഊർജത്തോടെ പഠന പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നതിന് | വിശന്നു കൊണ്ട് പഠനം സാധ്യമല്ല. എല്ലാ ദിവസവും കുട്ടികൾക്ക് പ്രഭാത ഭക്ഷണം വിതരണം ചെയ്യുന്നു. | എല്ലാ പ്രവൃത്തി ദിനങ്ങളിലും | ഉച്ചഭക്ഷണ ചുമതലയുള്ള അധ്യാപകർ<br>ഉച്ച ഭക്ഷണ കമ്മറ്റി<br>HM<br>PTA | സ്പോൺസർഷിപ്പ് |

പേര് കോൽക്കളി മേഖല സമഗ്ര വികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| അന്യം നിന്നു പോയ കലാരൂപങ്ങളെ അറിയുന്നതിനും | കോൽക്കളിയുടെCDപ്രദർശനം.താൽപര്യമുള്ള കുട്ടികളെ കണ്ടെത്തി കോൽക്കളി പരിശീലനം നൽകുന്നു. സ്കൂൾ വാർഷികത്തിന് അവതരിപ്പിക്കുന്നു.കൂടാതെ സ്കൂളിന്റെ സമീപ പ്രദേശങ്ങളിൽ മറ്റ് പരിപാടികളോടനുബന്ധിച്ച് കോൽക്കളി പ്രവർത്തനം സംഘടിപ്പിക്കുന്നു | ഡിസംബർ | ചാർജ് അധ്യാപകൻ<br>HM<br>PTA<br>കോൽക്കളി ഗുരുക്കൾ | 10,000<br>PTA<br>സ്പോൺസർഷിപ്പ് |

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| സ്കൂളിലെ മുഴുവൻ കുട്ടികളെയും കലാപരിപാടികളിൽ പങ്കെടുപ്പിക്കുന്നതിന്, സർഗശേഷിയുടെ വികാസം | സ്കൂളിലെ മുഴുവൻ കുട്ടികളെയും വിവിധ ഗ്രൂപ്പുകളാക്കി യോജിച്ച തരത്തിലുള്ള വിവിധ കലാരൂപങ്ങൾ പരിശീലിപ്പിക്കുന്നു.തുടർന്ന് എല്ലാ കുട്ടികളെയും അണിനിരത്തി വാർഷികം ആഘോഷിക്കുന്നു | ഡിസംബർ മാർച്ച് ആദ്യ വരെയുള്ള അവധി ദിനങ്ങൾ | PTA<br>S.R.G<br>H.M<br>രക്ഷിതാക്കൾ | 200000<br>സ്പോൺസർഷ |

ദിനാചരണങ്ങൾ മേഖല സമഗ്ര വികസനം

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ |
|---|---|---|---|---|
| വിവിധ ശേഷികളുടെ വികസനം | ജൂൺ മുതൽ മാർച്ച് വരെ പ്രാധാന്യ ദിനങ്ങൾ കണ്ടെത്തുന്നു.ദിനാചരണങ്ങളുമായി ബന്ധപ്പെട്ട് നടത്തേണ്ട പ്രവർത്തനങ്ങൾ S.R.G യിൽ രൂപപ്പെടുത്തുന്നു.നിശ്ചിത ദിവസങ്ങളിൽ അവ സംഘടിപ്പിക്കുന്നതിന് ചുമതല നൽകുന്നു.ചുമതലയുള്ളവർ അതാതുസമയത്ത്S.R.G യിൽ ചർച്ച ചെയ്ത് പരിപാടികൾ തീരുമാനിക്കുന്നു.അവ സംഘടിപ്പിക്കുന്നു. | ആവശ്യാനുസരണം | S.R.G | |

മേഖല : സമഗ്ര വികസനം

ഉപമേഖല : വ്യക്തിത്വ വികാസവും മൂല്യബോധവും

പ്രവർത്തനം : സ്കൂൾ തെരഞ്ഞെടുപ്പ്

പ്രവർത്തനത്തിന്റെ പേര് : സ്കൂൾ തെരഞ്ഞെടുപ്പ്

| ലക്ഷ്യങ്ങൾ | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| ജനാധിപത്യ മൂല്യങ്ങൾ വളർത്തിയെടുക്കൽ | സ്കൂൾ തെരെഞ്ഞെടുപ്പ്,ജനാധിപത്യ രീതിയിൽ സ്കൂൾ ലീഡർ തെരഞ്ഞെടുപ്പ് പ്രചരണം,വോട്ടുപിടുത്തം,നിശ്ശബ്ദ പ്രചരണം,സ്ഥാനാർത്ഥികൾ വോട്ടർമാരെ സന്ദർശിക്കുന്നു. പുരോഗമനപരമായ വാഗ്ദാനങ്ങൾ നൽകുന്നു.പോളിംഗ് ബൂത്ത് സജ്ജീകരിക്കുന്നു,പ്രിസൈഡിംഗ് ഓഫീസർമാർ,പോളിംഗ് ഓഫീസർമാർ തുടങ്ങിയവരുടെ സാന്നിധ്യത്തിൽ രഹസ്യമായി വോട്ടിംഗ് രേഖപ്പെടുത്തി ബാലറ്റ് പെട്ടികളിൽനിക്ഷേപിക്കുന്നു.വിരലിൽ അടയാളം പതിപ്പിക്കിന്നതിനാൽ വീണ്ടും വോട്ട് ചെയ്യാൻ സാധിക്കുന്നതല്ല. | ജൂലായ് മാസം | ചാർജ് വഹിക്കുന്ന അധ്യാപകർ S.R.U കുട്ടികൾ | |

മേഖല : സാമൂഹികം

പ്രവർത്തനം : വായനക്കൂട്ടം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| വിദ്യാലയ വിഭവങ്ങൾ സമൂഹവുമായി പങ്കിടൽ. | വിദ്യാലയ ലൈബ്രറിയിലെ പുസ്തകങ്ങൾ ,രക്ഷിതാക്കൾ,നാട്ടുകാർ എന്നിവർക്ക് നിശ്ചിത വ്യവസ്ഥകൾക്കനുസൃതമായി വായിക്കാൻ നൽകൽ.നല്ല വായനക്കാരനെ ആദരിക്കൽ. | ആവശ്യാനുസരണം. | ലൈബ്രേറിയൻ | PTA<br>MPTA<br>നാട്ടുകാർ | |

മേഖല : സാമൂഹികം

പഠനോപകരണ ശിൽപശാല

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
| --- | --- | --- | --- | --- | --- |
| പ്രാദേശികമായ സഹായങ്ങൾസ്വീകരിക്കുന്നതിലൂടെ വിദ്യാലയത്തെ സമൂഹബന്ധിതമാക്കുക. | രക്ഷിതാക്കളും പൂർവ വിദ്യാർത്ഥികളും സന്നദ്ധ പ്രവർത്തകരും മറ്റുതൽപരരും ചേർന്ന് പഠനോപകരണ നിർമാണശിൽപശാല നടത്തുന്നു. | വർഷത്തിൽ ഒരു തവണ | അധ്യാപകർ<br>SRG | S.S.G<br>PTA<br>MPTA | |

മേഖല : സാമൂഹികം

പ്രവർത്തനം: സർഗോത്സവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| അധ്യാപക രക്ഷാകർതൃ ബന്ധം ശക്തമാക്കുക. അധ്യാപക രക്ഷാകർതൃ ബന്ധം ശക്തമാക്കുക. | പി.ടി.എ, എം.പി.ടി.എ അധ്യാപകർ എന്നിവർ സംയുക്തമായി കുട്ടികൾക്ക് കലാപരിശീലനം നൽകൽ,പരിപാടികൾ അവതരിപ്പിക്കൽ,കുട്ടികൾ രക്ഷിതാക്കൾക്ക് സമ്മാനം നൽകൽ. | വർഷത്തിൽ ഒരു തവണ | SRG<br>ക്ലാസ് ടീച്ചേർസ് | PTA<br>MPTA<br>S.S.G | 1000<br>PTA ഫണ്ട്. |

മേഖല : സാമൂഹികം

പ്രവർത്തനം : പുസ്തക സമാഹരണം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തികം |
|---|---|---|---|---|---|
| സ്കൂളും സമൂഹവും തമ്മിലുള്ള ബന്ധം ശക്തമാക്കൽ. | അധ്യാപകരും കുട്ടികളും ചെറുസംഘങ്ങളായി വായനയുടെ പ്രാധാന്യം വ്യക്തമാക്കുന്ന പ്ലക്കാർഡുകളുമായി സ്കൂൾ പരിസരത്തെ വീടുകള്ട സന്ദർശിച്ച് പുസ്തകങ്ങൾ ശേഖരിക്കൽ. | വർഷത്തിൽ ഒരു തവണ | SRG<br>ടീച്ചേർസ് | PTA<br>MPTA | |

മേഖല : ഭൗതികം

പ്രവർത്തനം : ഹൃദയപൂർവം

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| ശാരീരികവും ബുദ്ധിപരവുമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് ഇത്തരം പരമമിതികളെ മിറകടക്കാനൊരു സഹായമാവുക. | കുട്ടിയുടെ വീട് സന്ദർശിക്കുന്നു.രണ്ടാഴ്ചയിലൊരിക്കൽ ആശ്വാസകരമായി കഥകളും പാട്ടുകളും പങ്കിട്ടും, സമ്മാനങ്ങൾപങ്കിട്ടുംഇത്തരം കുട്ടികളിൽ ആത്മവിശ്വാസം വളർത്തുന്നു.അവരോടൊപ്പം ചിത്രരചന,ചായമിടൽ തുടങ്ങിയ പ്രവർത്തനങ്ങൾക്ക് പ്രചോദനമാകുന്നു. | 1 വർഷം | SRG<br>അതാതു ക്ലാസിലെ ടീച്ചർമാർ | PTA<br>MPTA<br>BRC | |

മേഖല : ഭൗതികം

പ്രവർത്തനം: ജൈവവൈവിധ്യ പാർക്കിന്റെ നിർമാണം.

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല | പിന്തുണ | സാമ്പത്തിക വിശകലനം |
|---|---|---|---|---|---|
| വിദ്യാലയാന്തരീക്ഷം ഒരു പഠനോപകരണമാക്കുക. | ജൈവവൈവിധ്യ പാർക്ക് നിർമിക്കുന്നു.ഔഷധച്ചെടികൾ,പൂക്കുകയുംകായ്ക്കുകയും ചെയ്യുന്ന ചെടികൾ എന്നിങ്ങനെയുള്ള സൗകര്യങ്ങൾ ഒരുക്കുന്നു. | | | | |

## വ്യക്തിത്വ വികാസവും മൂല്യബോധവും

| ലക്ഷ്യങ്ങൾ | പ്രവർത്തനങ്ങൾ | കാലം | ചുമതല | സാമ്പത്തികം |
|---|---|---|---|---|
| കുട്ടികളിൽ ക്ഷമ, അച്ചടക്കം,ബഹുമാനം തുടങ്ങിയ മൂല്യങ്ങൾ ഉണ്ടാക്കൽ | മഹാന്മാരെ പരിചയപ്പെടാം(ഗ്രൂപ്പിൽ പുസ്തകങ്ങൾ നൽകൽ)കഥ പറയാം,നാടകം കളിക്കാം,ഗുണപാഠ കഥകൾ,പഞ്ചതന്ത്രം,ഈസോപ്പു കഥകൾ,പുരാണ കഥകൾ അവതരണം | ആഴ്ചയിൽ 1ദിവസം<br>1 വർഷം | ക്ലാസ് ടീച്ചർ | |
| കുട്ടികളിൽ ദയ, അർപ്പണ മനോഭാവം വളർത്തൽ | സഹജീവി സ്നേഹം | ഭിന്നശേഷിക്കാരെ സഹായിക്കാൻ ഗൃഹസന്ദർശനം, പഠന പിന്തുണ | | |
| കുട്ടികളിൽ ബഹുമുഖ വ്യക്തിത്വം വളർത്തൽ | നയിക്കാം | ക്ലാസ് ലീഡർ,ബാലസഭ,ഗ്രൂപ്പ് ലീഡർ,സർവ്വെ,പൂന്തോട്ട നിർമാണം, പച്ചക്കറി നിർമാണം | വർഷത്തിലൊരിക്കൽ | |

## പ്രവർത്തന വിശദാംശങ്ങൾ

മേഖല : അക്കാദമികം

വിഷയം : മലയാളം

പ്രവർത്തനം : മുന്നേറ്റം

### ഉപപ്രവർത്തനങ്ങൾ

#### 1. കളിപ്പെട്ടി.

കൂടുതൽ പഠനോപകരണങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾ.അക്ഷരങ്ങൾ,ചിഹ്നങ്ങൾ തുടങ്ങിയവയുടെ കട്ട് ഔട്ടുകൾ ഓരോ കുട്ടിക്കും നൽകുന്നു.അക്ഷരങ്ങളും ചിഹ്നങ്ങളും ചേർത്ത് വെച്ച് പദങ്ങൾ നിർമിക്കുന്നു.നോട്ടുബുക്കിൽ രേഖപ്പെടുത്തുന്നു,അവതരിപ്പിക്കുന്നു.ഗ്രൂപ്പിൽ ഒത്തുനോക്കുന്നു.ഇതുപോലെ ലഘുവാക്യങ്ങളും നിർമിച്ചെഴുതുന്നു.അവതരിപ്പിക്കുന്നു.ടീച്ചർ സമ്മാനങ്ങൾ നൽകുന്നു.

#### 2. കണ്ടെത്താം യോജിപ്പിക്കാം

കഥാ ഭാഗങ്ങൾ ചെറുശകലങ്ങളാക്കി കുട്ടികൾക്ക് നൽകുന്നു.അധ്യാപകരുടെ സഹായത്തോടെ കഥ ക്രമപ്പെടുത്തി വായിക്കുന്നു.വിഷമം നേരിടുന്നവർക്ക് കഥാരൂപങ്ങൾക്കുപകരം കഥാചിത്രങ്ങൾ നൽകി ക്രമീകരിക്കുന്നു.

#### 3. വായനപ്പുര,എഴുത്തുപുര

വായനക്കാർഡുകൾ,ലഘുകഥകൾ,ബാലമാസികകൾ തുടങ്ങിയവ വായിക്കാൻ അവസരം ഒരുക്കുന്നു. ക്ലാസ് ലൈബ്രറി വിപുലീകരിക്കുന്നു.ഓരോ ക്ലാസിലും വായനമൂലകൾ സജ്ജീകരിക്കുന്നു.കഥാനോട്ടിൽ കഥകൾ എഴുതാൻ അവസരം നൽകുന്നു.

#### 4. മിന്നുന്ന വായന.

·പദക്കാർഡുകൾ ഉപയോഗിച്ച് വാക്യങ്ങൾ നിർമിക്കാനും എഴുതാനും അവസരം ഒരുക്കുന്നു.ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കുന്നു.ചിത്രങ്ങൾക്ക് അടിക്കുറിപ്പ് തയ്യാറാക്കുന്നു. ചിത്രത്തെ അടിസ്ഥാനമാക്കി കഥ എഴുതുന്നു. കഥ പൂർത്തീകരിക്കുന്നു. കഥാ CDകൾ കാണിക്കുന്നു. തുടർ പ്രവർത്തനമായി കഥാപുസ്തകങ്ങൾ വായിക്കാൻ നൽകുന്നു.വായിച്ച പുസ്തകത്തെപ്പറ്റി ചുരുങ്ങിയ വാചകങ്ങൾ എഴുതുന്നു.

#### 5. ക്ലാസ് വായനക്കൂട്ടം.

ക്ലാസ് വായനക്കൂട്ടം രൂപീകരിക്കുന്നു.എല്ലാ ക്ലാസിലും വായനമൂല,ക്ലാസ് ലൈബ്രറി ഇവ വിപുലീകരിക്കുന്നു.പിറന്നാളിന് ഒരു സമ്മാനം എന്ന പേരിൽ പിറന്നാൾ ദിനത്തിൽ ഓരോ കുട്ടിയും ക്ലാസ് ലൈബ്ര

റിയിലേക്ക് ഒരു പുസ്തകം സംഭാവന ചെയ്യുന്നു.ക്ലാസ് ലൈബ്രറി വിപുലീകരണവും വാ.നോത്സവം സംഘടിപ്പിക്കലും പുസ്തക ചർച്ചയും നടത്തുന്നു.വായനക്കുറിപ്പുകൾക്ക് സമ്മാനം നൽകുന്നു.പത്രവാ യന വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ഓരോ ക്ലാസിനും ഓരോ പത്രം ലഭ്യമാക്കുന്നു.പത്ര ക്വിസു കൾ നടത്തുന്നു.CPTA യിൽ അമ്മമാർക്ക് ലൈബ്രറികൾ വിതരണം ചെയ്യുന്നു.അമ്മമാരിൽനിന്ന് ലൈബ്രറിയിലേക്ക് പുസ്തകങ്ങൾ സംഭാവനയായി വാങ്ങിക്കുകയും ചെയ്യുന്നു.അമ്മമാരുടെ വായന ക്കുറിപ്പുകൾക്കും സമ്മാനങ്ങൾ നൽകുന്നു.

6. വായിച്ചു വളരാം.

ആനുകാലിക പ്രസിദ്ധീകരണങ്ങൾ വായിക്കാൻ അവസരമൊരുക്കുന്നു.ചർച്ചയിലൂടെ വായന ആസ്വാദ്യകരമാക്കുന്നു.പത്ര വിശേഷങ്ങളും ആനുകാലികങ്ങളിൽ പരാമർശിച്ചിരിക്കുന്ന വിഷയങ്ങളും ചർച്ചാവിഷയമാക്കി ക്ലാസിനെ രസഭരിതമാക്കുന്നു.ഇത്തരം ചർച്ചകളിലൂടെ ഉരുത്തിരിഞ്ഞ പ്രേരണകൾ കുട്ടികൾക്ക് സ്വന്തം സൃഷ്ടിക്കുള്ള ഉപാധിയാകട്ടെ.ഇത്തരത്തിൽ ഉരുത്തിരിയുന്ന രചനകൾ പുതി യതും വേറിട്ടതുമായ വായനാസാമഗ്രികളായിരിക്കും.ഇത്തരത്തിൽ കവിതാശകലങ്ങളും കഥാതന്തു ക്കളും നിരൂപണ വാചകങ്ങളും ഉരുത്തിരിഞ്ഞുവരുന്നു.

7. കുഞ്ഞുവായന

ചിത്ര കാർഡുകൾ ഉപയോഗിച്ച് ആശയസ്വീകരണ ചോദ്യങ്ങളിലൂടെ ലഭിക്കുന്ന പ്രതികരണങ്ങൾ ടീച്ചർ രേഖപ്പെടുത്തുന്നു.ആദ്യം പദങ്ങളായും പിന്നീട് വാക്യങ്ങളായും രേഖപ്പെടുത്താം.രേഖപ്പെടുത്ത ലിന്റെ വിവിധഘട്ടങ്ങളിൽ കുട്ടിക്ക് രേഖപ്പെടുത്താനും രേഖപ്പെടുത്തിയത് വായിക്കാനും അവസരം നൽകുന്നു.തുടർന്ന് ഇതുമായി ബന്ധപ്പെട്ട അക്ഷരക്കാർഡുകൾ കണ്ടെത്തി പദനിർമാണത്തിനും വാക്യ നിർമാണത്തിനും വായനയ്ക്കും രേഖപ്പെടുത്തലിനും അവസരം നൽകുന്നു.അക്ഷരപ്പാട്ടുകൾ ശേഖരി ക്കാൻ അവസരം നൽകുന്നു.അക്ഷരപ്പാട്ടുകൾ എഴുതാനും വായിക്കാനും അവസരമൊരുക്കുന്നു.

8. കുഞ്ഞുവായന മുന്നോക്കക്കാർക്ക്

കുട്ടിക്കവിതകൾ,ബാലമാസികകൾ,നാടകങ്ങൾ,യാത്രാക്കുറിപ്പുകൾ,ആത്മകഥാകുറിപ്പുകൾ തുട ങ്ങിയവ വായിക്കാനും ലഘുവായനക്കുറിപ്പുകൾ എഴുതാനും അവസരം ഒരുക്കുന്നു.വായനാമത്സരം സംഘടിപ്പിക്കുന്നു.അക്ഷരസ്ഫുടതയും ശബ്ദക്രമീകരണവും ഉൾക്കൊണ്ടുകൊണ്ടുള്ള വായനയും വിലയിരുത്തുന്നു.സമ്മാനങ്ങൾ നൽകുന്നു.അസംബ്ലിയിൽ പത്ര വായന,'ഇന്നത്തെ ചിന്താവിഷയം' അവതരണം,മഹാന്മാരെ പരിചയപ്പെടാം(ആഴ്ചയിൽ ഒന്ന്) തുടങ്ങിയ പ്രവർത്തനങ്ങൾക്ക് അവസരം ലഭ്യമാക്കുന്നു.ക്വിസ് മത്സരം,മലയാളം തിയേറ്റർ ഇവ സംഘടിപ്പിക്കുന്നു.

9. കുഞ്ഞെഴുത്ത്.

പാഠഭാഗങ്ങളുമായി ബന്ധപ്പെട്ടതും അല്ലാത്തതുമായ പദങ്ങൾ,വാക്യങ്ങൾ,കഥാഭാഗങ്ങൾ തുടങ്ങി പരിചിതമായത് ചിഹ്നങ്ങൾ ചേർക്കാതെ നൽകുന്നു.ആഭരണമണിയിക്കാൻ പറയുന്നു.ചിഹ്ന ങ്ങൾ ചേർത്ത് എഴുതി അവതരിപ്പിക്കാൻ അവസരം നൽകുന്നു.കവിതാപൂരണങ്ങൾ,വർക്ഷീറ്റ്,സംഭാ ഷണ കവിതകൾ,പോസ്റ്ററുകൾ,ചുമർപത്രികകൾ പതിപ്പുകൾ സംഭാഷണങ്ങൾ തുടങ്ങിയവയെല്ലാം ഈ പ്രവർത്തനത്തിന് ഉപയോഗിക്കാവുന്നതാണ്.രചനാശില്പശാലകൾ സംഘടിപ്പിക്കുന്നു.

## 10. അമ്മ വായന.

ഓരോ കുട്ടിക്കും അമ്മയ്ക്കും ഒരു പുസ്തകം നൽകുന്നു.വായിച്ചശേഷം അയൽവീട്ടിലെ അമ്മമാർക്ക് പുസ്തകം കൈമാറുന്നു.വായിച്ച പുസ്തകത്തിന്റെ രത്നച്ചുരുക്കംMPTA യിൽ അവതരിപ്പിക്കുന്നു.ക്ലാസ് ലൈബ്രറി ചുമതല കുട്ടികൾക്ക്.കുട്ടികൾ തന്നെ പുസ്തക വിതരണം,രജിസ്റ്ററിൽ രേഖപ്പെടുത്തൽ എന്നീ ചുമതലകൾ നിർവഹിക്കുന്നു.സമീപത്തെ ലൈബ്രേറിയനെ കണ്ട് ഗ്രന്ഥശാലയുടെ പ്രവർത്തനം മനസിലാക്കുന്നു.വായനാവാരത്തിൽ പ്രാദേശികമായി ലഭിക്കുന്ന വായനക്കാരെ വിളിച്ചു വരുത്തി അനുഭവങ്ങൾ പങ്കുവെയ്ക്കൽ.

## 11. വാർത്താ ബോർഡ്.

മൂന്ന് നാല് ക്ലാസിലെ കുട്ടികൾ മുൻകൈ എടുത്താണ് ഈ പ്രവർത്തനം നടത്തുന്നത്.ഓരോ ദിവസവും പത്രത്തിലെ പ്രധാന വാർത്തകൾ വാർത്താബോർഡിൽ എഴുതി പ്രദർശിപ്പിക്കുന്നു.മറ്റുള്ളവർക്ക് വായിക്കാനും നോട്ടുബുക്കിൽ എഴുതാനും അവസരം നൽകുന്നു.ഒരാഴ്ചയിലെ വാർത്തകളിൽ നിന്ന് പ്രധാനപ്പെട്ടവ കണ്ടെത്തി ക്ലാസിൽ അവതരിപ്പിക്കുന്നു.

# ഉപസംഹാരം

കുട്ടിയുടെ പഠനപുരോഗതിക്ക് വിദ്യാലയവും അധ്യാപകരും മാത്രമല്ല തത്തുല്യമായ പ്രാധാന്യം രക്ഷിതാക്കൾക്കും ഗാർഹികാന്തരീക്ഷത്തിനും ഉണ്ട് എന്ന തിരിച്ചറിവിന്റെ അടിസ്ഥാനത്തിൽ ഉരുത്തിരിഞ്ഞുവന്നിരിക്കുന്ന മികവുറ്റ സമീപന ഫലമാണ് അക്കാദ മിക മാസ്റ്റർ പ്ലാൻ.

അക്കാദമികം,ഭൗതികം,സാമൂഹികം എന്നീ മേഖലകളിലായി ഹ്രസ്വകാല-മധ്യ കാല-ദീർഘകാല പ്രവർത്തനങ്ങൾ മാസ്റ്റർപ്ലാനിൽ ഉൾക്കൊള്ളിച്ചിരിക്കുന്നു.വിദ്യാർത്ഥി ഒരു കേൾവിക്കാരനായിരിക്കുന്ന അവസ്ഥയിൽനിന്ന് നാം എന്നോ മാറിക്കഴിഞ്ഞിരിക്കു ന്നു.ക്ലാസ് മുറിയിൽ അധ്യാപകരും കുട്ടികളും വസ്തുക്കളുപയോഗിച്ചുള്ള പ്രവർത്തന ങ്ങളിലൂടെയും പരീക്ഷണങ്ങളിലൂടെയും അറിവ് സ്വയം നിർമിക്കുമ്പോൾ വിദ്യാലയ ത്തിലെ അവസ്ഥാ വിശേഷങ്ങൾ സമൂഹം അറിയേണ്ടതുണ്ട്.

പ്രാദേശികമായ വിഭവങ്ങളെ വളരുന്ന തലമുറയ്ക്ക് വേണ്ടി അത് പകർന്ന് നൽകാനും അത് പകർന്ന് കിട്ടുമ്പോൾ പ്രയോജനപ്പെടുത്താനുമുള്ള സന്നദ്ധത സമൂഹ ത്തിനും വിദ്യാലയത്തിനും ഉണ്ടാകണം.പരസ്പരബന്ധിതമായ ഒരു സമൂഹ വിദ്യാലയ ചട്ടക്കൂട് വളർത്തുന്നതിന് ഇത് സഹായിക്കുന്നു.